കേരള സംസ്ഥാന ഓഡിററ് വകുപ്പ്

www.lfa.kerala.gov.in

# കിഴക്കോത്ത് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി 2/52/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഇ-മെയിൽ-dokkd.ksad@kerala.gov.in
ഫോൺ: 0495-237101
തീയതി – 13.01.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കിഴക്കോത്ത് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി.പി2/52/2020 തീയതി:13.01.2020

**<u>കോഴിക്കോട്ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 4.1.2019 മുതൽ 16.12.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**<u>എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക | ശ്രീ.എം. വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.12.2019 മുതൽ 26.12.2019 വരെ |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | |
| ശ്രീ.കെ.പി.ഹരി | ഓഡിററ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.പ്രബോധ് | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ആർ.കെ.ദിശ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷാജി.ഇ.കെ | ഓഡിറ്റർ ട്രെയിനി |

<u>(ബി)നിർവ്വഹണാധികാരികൾ</u>

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എൻ.സി.ഉസ്സൈൻ | 1.4.2018 മുതൽ 31.3.2019 വരെ |
| സെക്രട്ടറി | ശ്രീ.പി.രാമചന്ദ്രൻ | 1.4.2018 മുതൽ 31.5.2018വരെ |
| | ശ്രീമതി ഗിരിജ,<br>സെക്രട്ടറി ഇൻചാർജ്ജ് | 1.6.2018 മുതൽ 26.6.2018വരെ |
| | ശ്രീമതി റോസമ്മ ജേക്കബ്ബ് | 27.6.2018 മുതൽ 31.3.2019വരെ |

<u>നിർവഹണദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഗിരിജ.കെ | 1.4.2018 മുതൽ<br>31.3.2019വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി റസീന.എൻ.പി | 1.4.2018 മുതൽ<br>16.06.2018 വരെ |
| | ശ്രീമതി<br>റാഷി(ഇൻചാർജ്ജ്) | 17.06.2018 മുതൽ<br>02.07.2018 വരെ |
| | ശ്രീമതി കൃഷ്ണേന്ദു.ആർ | 02.07.2018 മുതൽ<br>04.01.2019 വരെ |
| | ശ്രീമതി നിമ്മി.കെ | 07.01.2019 മുതൽ<br>28.02.2019 വരെ |
| | ശ്രീമതി ശിൽപ<br>പ്രസാദ്.പി | 01.03.2019 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | ഡോ.കെകെ.അബ്ദുൾ<br>റഹ്മാൻ | 1.4.2018 മുതൽ<br>27.6.2018വരെ |
| | ഡോ.ഹൈഫ മോയ്തീൻ | 28.6.2018 മുതൽ<br>31.3.2019വരെ |
| മെഡിക്കൽ ഓഫീസർ<br>(ആയുർവേദം) | ഡോ.ബിനോയ് | 1.4.2018 മുതൽ 31.3.2019<br>വരെ |
| വെറ്ററിനറി സർജൻ | ഡോ.വിക്രാന്ത് | 1.4.2018 മുതൽ 31.3.2019<br>വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.ടി.കെ.നസീർ | 1.4.2018 മുതൽ 31.3.2019വരെ |
| വി.ഇ.ഒ | ശ്രീമതി.ഫസ്ന | 1.4.2018 മുതൽ 31.3.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.വി.ശാലിനി | 01.4.2018 മുതൽ 31.3.2019 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.എൻ.രമേശ് | 1.4.2018 മുതൽ 18.7.2018 വരെ |
| | ശ്രീമതി സുമില.കെ.ടി | 19.7.2018 മുതൽ 31.3.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | ക്ഷേമപദ്ധതികൾ | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-10 |
| 11 | വസ്തു നികുതി, അസസ് മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. | 1-11 |

| | | |
|---|---|---|
| 12 | വസ്തു നികുതി അടക്കാൻ ബാധ്യസ്ഥമായ എല്ലാ കെട്ടിടങ്ങളും നികുതി പരിധിയിൽ വന്നുവെന്ന് ഉറപ്പു വരുത്തിയില്ല. | 1-12 |
| 13 | ലോഡ്ജിംഗ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു. | 1-13 |
| 14 | തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് | 1-14 |
| 15 | തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പു വരുത്തിയിട്ടില്ല. | 1-15 |
| 16 | ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകിയത് ബൈലോ തയ്യാറാക്കിയില്ല. | 1-16 |
| 17 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ – അപാകതകൾ | 1-17 |
| 18 | അങ്കണവാടികൾക്ക് കുടിവെള്ളം ലഭ്യമാക്കൽ – നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-18 |
| 19 | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി – നിർമ്മാണം പൂർത്തീകരിച്ചില്ല | 1-19 |
| 20 | തോട് സർവ്വേ തുക അടവാക്കൽ – സർവ്വേ പൂർത്തീകരിച്ചില്ല. | 1-20 |
| 21 | ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല. | 1-21 |
| 22 | അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത. | 1-22 |
| 23 | കൃഷി- പ്രൊജക്ട് രൂപീകരണത്തിലെ പോരായ്മകൾ | 1-23 |
| 24 | പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം- സർക്കാർ ഗ്രാന്റിനത്തിൽ 1.1 കോടി രൂപ വിനിയോഗിക്കാത്തത് മൂലം നഷ്ടപ്പെട്ടു | 1-24 |
| 25 | പോട്ട്ഹോൾ ഫില്ലിംഗ് വ്യാപകം | 1-25 |
| 26 | അങ്കണവാടി നിർമ്മാണം പൂർത്തീകരിച്ചു – വകയിരുത്തിയ ഫണ്ട് ലഭിച്ചില്ല | 1-26 |
| 27 | ടെണ്ടറുകൾ സ്വീകരിച്ചതിൽ അപാകം – പൊതുമരാമത്ത് ചട്ടങ്ങൾ പാലിച്ചില്ല. | 1-27 |
| 28 | കോസ്റ്റ് ഇൻഡക്സിൽ വന്ന കുറവ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പരിഗണിച്ചില്ല – പഞ്ചായത്ത് ഫണ്ടിന് നഷ്ടം. | 1-28 |
| 29 | 2014 ലെ ശമ്പള പരിഷ്കരണം – കുടിശ്ശിക കണക്കാക്കിയതിലെ അപാകത | 1-29 |

| | | |
|---|---|---|
| | ഭാഗം – 2 | |
| 30 | ലോഡ്ജിംഗ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു. | 2-1 |
| 31 | തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് | 2-2 |
| | ഭാഗം – 3 | |
| 32 | 2014 ലെ ശമ്പള പരിഷ്കരണം – കുടിശ്ശിക കണക്കാക്കിയതിലെ അപാകത | 3-1 |
| ഭാഗം – 4 | | |
| 33 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 36 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 40 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 43 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |


## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

ഓഡിറ്റു വർഷത്തെ ബജറ്റ് 24.3.2018 തീയതിയിലെ 40/18 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 14.2.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2019 | 13.5.2019 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 15.7.2019 മുതൽ 16.7.2019 വരെ | കെ.എസ്.എ.കെ.കെ.ഡി/ഇ2/ 887/2018(26)/01.8.2019 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3997586 |
| വരവ് | 74618538 |
| ആകെ | 78616124 |
| ചെലവ് | 67370990 |
| നീക്കിയിരിപ്പ് | 11245134 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 165 | 141 | 19 | 5 | 85.45 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 356160 | 290 |
| കർഷകതൊഴിലാളി പെൻഷൻ | 5387100 | 497 |
| വിധവാപെൻഷൻ | 12630100 | 107 |
| വാർദ്ധക്യകാലപെൻഷൻ | 14366000 | 1283 |
| വികലാംഗപെൻഷൻ | 5235900 | 423 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 382100 | 33 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000 | 4 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.12.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8298/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, അസസ്മെന്റ് രജിസ്റ്റർ, വാടക ബൈലോ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വസ്തു നികുതി അടക്കാൻ ബാധ്യസ്ഥമായ എല്ലാ കെട്ടിടങ്ങളും, തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവരും നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. സഞ്ചയ റിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ 2410 വാണിജ്യ കെട്ടിടങ്ങളുണ്ട്. എന്നാൽ 285 സ്ഥാപനങ്ങൾ (415 കെട്ടിടങ്ങളിലെ) മാത്രമാണ് ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളൊഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ട്രേഡേഴ്സിൽ നിന്നും മറ്റുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് നിശ്ചിത മാതൃകയിലുള്ള റിട്ടേണിൽ അവരുടെ വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കിയല്ല. ഇത് നികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് കാരണമാകുന്നുണ്ട്. വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-01-2019 | | 19-01-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | | 2005-06 മുതൽ 2009-10വരെ | 08-04-2010 |

## 1-10 വാർഷികകണക്കുകളിലെ അപാകതകൾ

കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തു നികുതി കുടിശ്ശിക ഡിമാന്റ് വാർഷിക കണക്കിലെയും സഞ്ചയ ഡിമാന്റ് റജിസ്റ്ററിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അരിയർ ഡിമാന്റ | വാർഷിക കണക്ക് പ്രകാരം(B-15 2017-18) | സഞ്ചയ പ്രകാരം |
|---|---|---|
| വസ്തു നികുതി | 440441 | 545332 |

സഞ്ചയ റിപ്പോർട്ട് പ്രകാരം വസ്തു നികുതി ഡിമാന്റ് തുക 545332 രൂപയിൽ പിരിച്ചെടുത്ത തുകയായി കാണിക്കുന്നത് 536725 രൂപയാണ്. ബാക്കി പിരിച്ചെടുക്കാനുള്ള തുക 8607രൂപയാണ് എങ്കിലും നീക്കിയിരിപ്പ് കാണിച്ചിട്ടില്ല. 8607 രൂപ അഡ്ജസ്റ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. കഴിഞ്ഞ സാമ്പത്തിക വർഷത്തെ 'B-9 'സ്റ്റേറ്റ്മെന്റ് പ്രകാരം ലൈബ്രറി സെസ്സ് അടയ്ക്കാനുള്ള തുക 350155./- രൂപയാണ്.2018-19 ലെ വരവ് (RP-36) 204387 /-രൂപയുണ്ട്; തൻവർഷത്തെ അടവ് 307299 രൂപയാണ്(RP-36). ആയത് പ്രകാരം നീക്കിയിരിപ്പായി വരേണ്ടത് 247243 /- രൂപയാണ്. എന്നാൽ 2018-19 വാർഷിക കണക്കിലെ B-9സ്റ്റേറ്റ്മെന്റിൽ 118212രൂപയാണ് നീക്കിയിരിപ്പ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്. പ്രസ്തുത വരവ് ചെലവ് കാണിക്കുന്ന റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3. ഇ-പെ പ്രകാരം പിരിച്ചെടുക്കുന്ന നികുതി തുക സഞ്ചയ പ്രകാരം പഞ്ചായത്തിൽ ക്രെഡിറ്റിൽ വരുന്നുണ്ടെങ്കിലും ബാങ്കിൽ ക്രെഡിറ്റ് ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. 3/2019 ൽ വരവു വന്ന നികുതി തുകയിൽ 4146 രൂപ 31.03.2019 -ൽ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല. അപാകത പരിഹരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.

4. VPFA I-2,3 അക്കൗണ്ടുകളിൽ യഥാക്രമം 16792രൂപ, 313 രൂപ നീക്കിയിരിപ്പുണ്ട് (RP40b,B-17). ആയതിന്റെ പാസ്ബുക്ക് ,നീക്കിയിരിപ്പിന്റെ വിശദാംശങ്ങളും പരിശോധനക്കായി ഭ്യമാക്കിയിട്ടില്ല.

5. പോഷകാഹാര വിതരണത്തിനായി ലഭിച്ചിട്ടുള്ള കേന്ദ്ര ഫണ്ട് ബി-4 സ്റ്റേറ്റ് മെന്റ് പ്രകാരം 1355906 രൂപ ബാലൻസ് ഉണ്ട്. ഈ തുക മുഴുവൻ ചെലവഴി ക്കാതെ വികസന ഫണ്ടിൽ നിന്നാണ് കൂടുതൽ തുകയും ചെലവഴിക്കുന്നത്. ഇതിനായി പ്രത്യേകം അക്കൗണ്ടു വേണമെന്ന നിബന്ധനയും പാലിച്ചിട്ടില്ല.

6. സംയുക്ത പ്രൊജക്ടുകളുടെ നടത്തിപ്പിനായി തൻവർഷം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുള്ള 1060000/-രൂപ ചെലവഴിക്കാതെ B-4 സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കിയിരിപ്പുണ്ട്. ബ്ലോക്ക് പഞ്ചായത്ത് തൻവർഷം ചെലവായി കാണിച്ചിട്ടുള്ള മേൽപറഞ്ഞ തുകകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ളത് ശരിയായ നടപടിയല്ല.

7. ബാലൻഷീറ്റ് ബി-11 സ്റ്റേറ്റ് മെന്റിൽ ഫിക്സഡ് അസറ്റിന്റെ ഡിപ്രീസിയോഷൻ കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല്

8. ആസ്തി രജിസ്റ്റർ പൂർണ്ണമല്ല.

9.വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

## **1-11** വസ്തു നികുതി അസസ്സ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 12, 13 എന്നിവ പ്രകാരം തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകളായ വസ്തു നികുതി അസസ്സ്മെന്റ് രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ 2015-16 വർഷം മുതൽ 2018-19 വർഷം വരെ കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വാർഡ് തിരിച്ചുള്ള വസ്തു നികുതിയുടെ ഒരു സംഗ്രഹം മാത്രമാണ് ഓഡിറ്റിനായി ഹാജരാക്കിയിട്ടുള്ളത്. ആയതിനാൽ സ്ഥാപനത്തിന്റെ വസ്തു നികുതി നിർണ്ണയത്തിന്റെയും ആയത് ഡിമാന്റ് ചെയ്തതിന്റേയും കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## **1-12** വസ്തു നികുതി അടക്കാൻ ബാധ്യസ്ഥമായ എല്ലാ കെട്ടിടങ്ങളും നികുതി പരിധിയിൽ വന്നുവെന്ന് ഉറപ്പുവരുത്തിയില്ല.

കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ നികുതി അടക്കാൻ ബാധ്യസ്ഥമായ എല്ലാ കെട്ടിടങ്ങളും നികുതി പരിധിയിൽ വന്നുവെന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ലെന്ന് കണക്കുകളിലെ പൊരുത്തക്കേടുകൾ വ്യക്തമാക്കുന്നു.

2013-14 വർഷം മുതൽ കെട്ടിട നികുതിയുടെ അസസ്സ്മെന്റ്, ഡിമാന്റ്, കലക്ഷൻ എന്നിവ സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ് ചെയ്തു വരുന്നത്. ഗ്രാമ പഞ്ചായത്തിലെ 2012-13 വർഷത്തെ മാന്വൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം 10423 കെട്ടിങ്ങൾ സ്ഥാപനത്തിലുണ്ടായിരുന്നു. ഓഡിറ്റിന് ഹാജരാക്കിയ ന്യൂ ബിൽഡിംഗ് കൺസ്ട്രക്ഷൻ കണക്കുകൾ പ്രകാരം 2013-14 മുതൽ 2018-19 വരെയുള്ള കാലയളവിൽ ആകെ 2203 പുതിയ കെട്ടിടങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. മേൽപറഞ്ഞ പ്രകാരം നാളിതുവരെ ആകെ 12626 ഡിമാന്റുകൾ (10423 +2203) ആണ് വരേണ്ടത്. ഇതിൽ 518 കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയതിനാലും ഒരു കെട്ടിടം നികുതി എഴുതി തള്ളിയതിനാലും ഡിമാന്റിൽ നിന്നും ഒഴിവാക്കിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവയെല്ലാം പരിഗണിക്കുമ്പോൾ ആകെ ഡിമാന്റ് വരേണ്ടത് 12107 (12626-(518+1)) കെട്ടിടങ്ങൾ ആണെന്നു കാണാം. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം 2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ ആകെ 12652 വസ്തു നികുതി ഡിമാന്റുകളുണ്ടെന്ന് സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. അതായത് സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള കെട്ടിടങ്ങൾ സ്ഥാപനത്തിലുള്ള രേഖകൾ പ്രകാരമുള്ളതിനേക്കാൾ 545 എണ്ണം കൂടുതലാണെന്ന് കാണാം. കണക്കുകൾ തമ്മിലുള്ള വ്യതിയാനം പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. നികുതി പരിധിയിൽ നിന്നും കെട്ടിടങ്ങൾ ഒഴിഞ്ഞു പോകാനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

## **1-13** ലോഡ്ജിംഗ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് നികുതി നിരക്കുകൾ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ലോഡ്ജുകൾക്ക് 20/- രൂപയാണ് പഞ്ചായത്ത് പരിധിയിൽ നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വസ്തു നികുതി പത്രിക പരിശോധിച്ചതിൽ ഒരാളുടെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന 190 'എ' മുതൽ 'കെ' വരെയുള്ള കെട്ടിടങ്ങളിൽ നിന്നും, കെട്ടിടം ക്വാർട്ടേഴ്സ്/ ലോഡ്ജിംഗ് ആവശ്യത്തിന് ഉപയോഗിക്കുമ്പോൾ പാർപ്പിടാവശ്യങ്ങൾക്ക് നിർണ്ണയിച്ചിട്ടുള്ള

നികുതിയാണ് കണക്കാക്കിയിട്ടുള്ളത് എന്നു കാണുന്നു. നികുതി ദായകനെ സംബന്ധിച്ചിടത്തോളം സ്വന്തം ആവശ്യത്തിന് പാർപ്പിടമായി ഉപയോഗിക്കുന്ന കെട്ടിടത്തിന് മാത്രമേ പാർപ്പിടാവശ്യത്തിന് നികുതി നിരക്ക് കണക്കാക്കാൻ നിർവ്വാഹമുള്ളൂ. ക്വാർട്ടേഴ്സ് ആയതിനാൽ അവയ്ക്ക് ലോഡ്ജിന്റെ നിരക്കിലായിരുന്നു നികുതി കണക്കാക്കേണ്ടിയിരുന്നത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | വാർഡ് നം/ കെട്ടിട നം | കെട്ടിട ഉടമ | നിർണ്ണയിച്ച് ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് വന്ന നികുതി |
|---|---|---|---|---|---|
| 1 | 16/390 എ | സൈനുദ്ദീൻ.ടി.കെ | വിസ്തൃതി -69.8<br>നിരക്ക്- 4<br>അടിസ്ഥാന നികുതി -279.2<br>വഴി 20% വർദ്ധന -55.84<br>നികുതി - 336 | വിസ്തൃതി -69.8<br>നിരക്ക്- 20<br>അടിസ്ഥാനനികുതി - 1396<br>വഴി 20% വർദ്ധന -279.2<br>നികുതി - 1675 | 1339 |
| 2 | 16/390 ബി | ടി | വിസ്തൃതി -69.8<br>നിരക്ക്- 4<br>അടിസ്ഥാന നികുതി -279.2<br>വഴി 20% വർദ്ധന -55.84<br>നികുതി - 336 | വിസ്തൃതി -69.8<br>നിരക്ക്- 20<br>അടിസ്ഥാനനികുതി - 1396<br>വഴി 20% വർദ്ധന -279.2<br>നികുതി - 1675 | 1339 |
| 3 | 16/390 എഫ് | ടി | വിസ്തൃതി -69.8<br>നിരക്ക്- 4<br>അടിസ്ഥാന നികുതി -279.2<br>വഴി 20% വർദ്ധന -55.84<br>നികുതി - 336 | വിസ്തൃതി -69.8<br>നിരക്ക്- 20<br>അടിസ്ഥാനനികുതി - 1396<br>വഴി 20% വർദ്ധന -279.2<br>നികുതി - 1675 | 1339 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 4 | 16/390 ജി | ടി | വിസ്തൃതി -69.8<br>നിരക്ക്- 4<br>അടിസ്ഥാന നികുതി -279.2<br>വഴി 20% വർദ്ധന -55.84<br>നികുതി - 336 | വിസ്തൃതി -69.8<br>നിരക്ക്- 20<br>അടിസ്ഥാനനികുതി - 1396<br>വഴി 20% വർദ്ധന -279.2<br>നികുതി - 1675 | 1339 |
| 5 | 16/390 ജെ | ടി | വിസ്തൃതി -69.8<br>നിരക്ക്- 4<br>അടിസ്ഥാന നികുതി -279.2<br>വഴി 20% വർദ്ധന -55.84<br>നികുതി - 336 | വിസ്തൃതി -69.8<br>നിരക്ക്- 20<br>അടിസ്ഥാനനികുതി - 1396<br>വഴി 20% വർദ്ധന -279.2<br>നികുതി - 1675 | 1339 |
| 6 | 16/390 കെ | ടി | വിസ്തൃതി -69.8<br>നിരക്ക്- 4<br>അടിസ്ഥാന നികുതി -279.2<br>വഴി 20% വർദ്ധന -55.84<br>നികുതി - 336 | വിസ്തൃതി -69.8<br>നിരക്ക്- 20<br>അടിസ്ഥാനനികുതി - 1396<br>വഴി 20% വർദ്ധന -279.2<br>നികുതി - 1675 | 1339 |
| | ആകെ | | | | 8034 |

മേൽ പത്രിക പ്രകാരം വസ്തുനികുതി നിർണ്ണയത്തിൽ കുറവു വന്ന 8034/- രൂപ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഡാറ്റാ പ്യൂരിഫിക്കേൻ നടത്തി ഇപ്രകാരം നികുതി തെറ്റായി നിർണ്ണയിച്ച മറ്റു കെട്ടിടങ്ങളുടെ വിവരം ശേഖരിക്കേണ്ടതും, ഇവയുടെ നികുതി പുനർ നിർണ്ണയിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ വേണ്ട മാറ്റങ്ങൾ വരുത്തി നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

കിഴക്കോത്ത് ഗ്രാമ പഞ്ചായത്ത് പരിധിയിലെ താഴെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ 2018-19 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുള്ളതായി കാണുന്നു. രണ്ടാം അർദ്ധ വർഷത്തെ നാല്യ മാസത്തെ വരുമാനത്തെ മാത്രം അടിസ്ഥാനപ്പെടുത്തിയാണ് സ്ഥാപനം തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ പേര് | അടിസ്ഥാന ശമ്പളം | സ്ഥാപനം സമർപ്പിച്ച റിട്ടേൺ പ്രകാരമുള്ള അർദ്ധ വാർഷിക വരുമാനം | യഥാർത്ഥ അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | പി.വി.എസ്. തങ്ങൾ മെമ്മോറിയൽ പബ്ളിക് സ്കൂൾ, കിഴക്കോത്ത് | ഡാർലി സാറ ചെറിയാൻ | 35000 | 140000 | 210000 | 1250 | 1250 | -- |
| 2 | | ജൂബിൻ ബഷീർ.പിവി | 15100 | 60400 | 90600 | 750 | 600 | 150 |
| 3 | | അരുൺ.പി | 15200 | 60800 | 91200 | 750 | 600 | 150 |
| 4 | | ദിവ്യ.എം.കെ | 10750 | 43000 | 64500 | 600 | 300 | 300 |
| 5 | | ഹാദി.എൻ.വി | 15100 | 60400 | 90600 | 750 | 600 | 150 |
| 6 | | ജയ്ഷ.വി.പി | 10200 | 40800 | 61200 | 600 | 300 | 300 |
| 7 | | മഞ്ജു.എ.ടി | 15100 | 60400 | 90600 | 750 | 600 | 150 |
| 8 | | മിനിമോൾകെ.കെ | 8000 | 32000 | 64000 | 600 | 300 | 300 |
| 9 | | മുഹമ്മദ് റമീസ് | 15100 | 60400 | 90600 | 750 | 600 | 150 |
| 10 | | റിജു.കെ.കെ | 15200 | 60800 | 91200 | 750 | 600 | 150 |
| 11 | | ഷമീർ.എം.വി | 10100 | 40400 | 60600 | 600 | 300 | 300 |
| 12 | | ശോഭന.എം | 8000 | 32000 | 48000 | 450 | 300 | 150 |
| 13 | | ഷൈജി.ടി | 10100 | 40400 | 60600 | 600 | 300 | 300 |
| 14 | | റഷീദ.എം | 5000 | 20000 | 30000 | 300 | 180 | 120 |
| 15 | | ശ്രീദേവി | 5000 | 20000 | 30000 | 300 | 180 | 120 |
| 16 | | ഭീഷ്മ | 15100 | 60400 | 90600 | 750 | 600 | 150 |
| 17 | | ഷാഹിദ് മൊയ്തീൻ അലി | 15100 | 60400 | 90600 | 750 | 750 | – |
| 18 | | ജിഷ.എം.കെ | 5000 | 20000 | 30000 | 300 | 180 | 120 |
| 19 | | സുധ | 4500 | 18000 | 27000 | 180 | 180 | – |
| 20 | | സരിത | 4000 | 16000 | 24000 | 180 | 120 | 60 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ആകെ | | | | | | | 3120 |

മേൽ പട്ടിക പ്രകാരം യഥാർത്ഥ അർദ്ധ വാർഷിക വരുമാനത്തെ അടിസ്ഥാനപ്പെടുത്തി തൊഴിൽ നികുതി കണക്കാക്കുമ്പോൾ ഈടാക്കിയ നികുതിയിൽ 3120/- രൂപയുടെ കുറവുള്ളതായി കാണുന്നു. ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ കുറവു വന്ന തുക ഈടാക്കി അറിയിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുമ്പോൾ ആയത് നിർണ്ണയിച്ചത് അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 1996 -ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരമുള്ള പട്ടിക അനുസരിച്ചാണോ എന്ന് ബന്ധപ്പെട്ട സെക്ഷൻ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടം ഇക്കാര്യത്തിൽ ഉണ്ടാവുകയും ചെയ്യേണ്ടതാണ്.

## 1-15 തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് ഉറപ്പ് വരുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പടെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പ് വരുത്തിയിട്ടില്ല. രജിസ്റ്ററുകളുടെ പരിപാലനത്തിലെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടി ക്രമങ്ങളിലെയും വീഴ്ചകൾ ഇത് വ്യക്തമാക്കുന്നു. നികുതി പരിധിയിൽ നിന്നും ബാധ്യതപ്പെട്ടവർ ആരും തന്നെ ഒഴിഞ്ഞു പോകാതിരിക്കാൻ താഴെ പറയുന്ന നടപടി ക്രമങ്ങൾ കേരള പഞ്ചായത്ത്‌രാജ് ആക്ട്, തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

1. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നൽകേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്. (നിയമം 205 ബി, ചട്ടം13 എന്നിവ കാണുക)

2. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ നോട്ടീസ് നൽകേണ്ടതാണ്

3. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2ൽ സൂചിപ്പിച്ച വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ, തൊഴിലാളികൾ, തൊഴിൽദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. ഇതിന്റെ ഫലമായി താഴെ പറയുന്ന പൊരുത്തക്കേടുകൾ തൊഴിൽ നികുതിയുടെ കാര്യത്തിൽ നിലനിൽക്കുന്നു.

എ) സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം 2410 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. ഇതിൽ 41 കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട് എന്ന് സ്ഥാപനം സാക്ഷ്യപ്പെടുത്തുന്നു. അതായത് 2369 കെട്ടിടങ്ങൾ നിലവിൽ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് കരുതാവുന്നതാണ്. എന്നാൽ ട്രേഡ്ലൈസിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 285 ഡിമാന്റുകളിൽ നിന്നുമാത്രമാണ് നികുതി ഈടാക്കിയിരിക്കുന്നത്. ഓഡിറ്റ് വർഷത്തിൽ ആകെ 285 ലൈസൻസുകൾ അനുവദിക്കപ്പെട്ട സ്ഥാപനങ്ങൾ 415 കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് സ്ഥാപനം വ്യക്തമാക്കിയിട്ടുണ്ട്. അതായത് അവശേഷിക്കുന്ന 1954 കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും അവയിലെ തൊഴിലാളികളിൽ നിന്നും നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നത് അപാകതയാണ്.

ബി) ക്രമ നം 1 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവർ മാത്രമല്ല കെട്ടിട ഉടമകളും നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. ഗ്രാമപഞ്ചായത്തിലെ കെട്ടിട ഉടമകൾ ആരും തന്നെ നാളിതുവരെ തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടില്ലെന്ന വസ്തുത നികുതി വരുമാനത്തിന്റെ കാര്യത്തിൽ സ്ഥാപനത്തിന്റെ ജാഗ്രതക്കുറവ് വ്യക്തമാക്കുന്നു. 1954 ഡിമാന്റുകൾ കൂടി തൊഴിൽ നികുതിയുടെ കാര്യത്തിൽ ഉണ്ടാകാനിടയുണ്ട്.

സി) ടെയിഡേഴ്സിന്റെ കാര്യത്തിൽ, പിരിച്ചെടുത്ത നികുതി പോലും ചട്ടങ്ങളിൽ പ്രതിപാദിച്ച നടപടി ക്രമങ്ങളിലൂടെയല്ല നികുതി കണക്കാക്കി ഈടാക്കിയത്. സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങിയാണ് നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടത്. എന്നാൽ ഒരു മാനദണ്ഡവുമില്ലാതെ ഒരു നിശ്ചിത തുക ഈടാക്കുന്ന രീതിയാണ് നടന്നു വരുന്നത്. ഇത് വരുമാന ചോർച്ചയ്ക്ക് ഇടയാക്കുന്നു എന്നതു പോലെ ചട്ടങ്ങളുടെ ലംഘനവുമാണ് .

ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ചതിൽ അവയിൽ പ്രസ്താവിച്ച ജീവനക്കാരുടെ എണ്ണം പ്രകാരമുള്ള തൊഴിൽ നികുതി റിട്ടേൺ ഉടമകൾ സമർപ്പിച്ചതായോ 1994-ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി നിയമം 205 ബി, 1996-ലെ തൊഴിൽ നികുതി ചട്ടം 13 എന്നിവ പ്രകാരമുള്ള നികുതി ഈടാക്കേണ്ട ജീവനക്കാരുടെ ലിസ്റ്റ് സമർപ്പിക്കാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ ഗ്രാമ പഞ്ചായത്ത് ആവശ്യപ്പെട്ടതായോ കാണുന്നില്ല. താഴെ കാണിച്ച പട്ടിക പ്രകാരമുള്ള സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെങ്കിലും അവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായോ റിട്ടേൺ സമർപ്പിക്കാൻ ഉടമകളോട് ആവശ്യപ്പെട്ടതായോ കാണുന്നില്ല.

| ക്രമ നം | വാർഡ് നം/കെട്ടിടനം | സ്ഥാപനം/വ്യാപാരികളുടെ പേര് | വ്യാപാരം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | 10/167 A,B,C | അൾട്രോൺ ഡിജിറ്റൽ സിസ്റ്റംസ് PVT.LTD | ഇൻവെർട്ടർ, സോളാർ ഇൻവേർട്ടർ, യു.പി.എസ് നിർമ്മാണം | 5 |
| 2 | 10/391 | സയ്യിദ് അഷ്റഫ്.പിവി | ഹോളോബ്രിക്സ് നിർമ്മാണം | 4 |
| 3 | 10/365 | കൗസല്യ.കെ.കെ, | ഹോട്ടൽ | 3 |
| 4 | 13/450എ | അബ്ദുറഹിമാൻ.കെ.പി | ഫർണിച്ചർ വർക്ക് ഷോപ്പ് | 2 |
| 5 | 12/447എ | സുബൈദ | പിവിഎസ്.സിമന്റ് വർക്സ് | 4 |
| 6 | 1/425എ | അബ്ദുൾ റഷീദ്.കെ.പി | പൂക്കോട് ഓയിൽ മിൽ | 2 |

അഭിഭാഷകർ, കോൺട്രാക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തു പരിധിയിൽ ജോലി ചെയ്തു വരുന്ന അഭിഭാഷകർ, കോൺട്രാക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. കേരള പഞ്ചായത്തുരാജ് അക്ട് 1994 വകുപ്പ് 204 എ(ii) പ്രകാരം ആകെ കൂടി അറുപതു ദിവസത്തിൽ കുറയാതെ പഞ്ചായത്തു പ്രദേശത്തു താമസിച്ചു കൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സു നടത്തുകയോ പൊതുവോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്.

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. വാണിജ്യാവശ്യത്തിന് നികുതി നിർണ്ണയിച്ച എല്ലാ കെട്ടിട ഉടമകളെയും, പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കുകയും നിലവിൽ വാടകയ്ക്ക് നല്കുകയും ചെയ്യുന്ന കെട്ടിട ഉടമകളെയും നികുതി പരിധിയിൽ കൊണ്ടുവന്ന് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും വരുമാനം സംബന്ധിച്ച് ചട്ടപ്രകാരമുള്ള ഫോറത്തിൽ റിട്ടേൺ വാങ്ങി നികുതി ഈടാക്കേണ്ടതുമാണ്. റിട്ടേൺ പ്രകാരം കാണിക്കുന്ന വരുമാനത്തിന്റെ കൃത്യത ആവശ്യമെങ്കിൽ ലൈസൻസ് അപേക്ഷയോടൊപ്പം (ലൈസൻസ് നല്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ) ലഭ്യമാക്കുന്ന കരാറിലെ വാടക സംബന്ധിച്ച വിവരവുമായി ഒത്തുനോക്കി ഉറപ്പാക്കാവുന്നതാണ്.
2. എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ അർദ്ധവർഷത്തിന്റെ തുടക്കത്തിൽ നോട്ടീസ് നൽകേണ്ടതും, ഇത് ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്. നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് അറിയിക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ എല്ലാ അർദ്ധ വർഷത്തിന്റെയും തുടക്കത്തിൽ ഈ പ്രക്രിയ തുടരേണ്ടതാണ്. മേൽ നടപടിക്രമങ്ങൾക്ക് നിശ്ചിത ഫോറങ്ങൾ തൊഴിൽ നികുതി ചട്ടങ്ങളിലില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതും, അതുവരെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ഫോറം ഒന്നും, രണ്ടും ആവശ്യമായ മാറ്റങ്ങളോടെ സ്വീകരിച്ച് ഉപയോഗപ്പെടുത്താവുന്നതുമാണ്.
3. തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ നോട്ടീസ് നൽകേണ്ടതാണ്. വിവരം ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.
4. ടെയിഡേഴ്സിന്റെ കാര്യത്തിൽ സ്ഥാപന ഉടമയിൽ നിന്നും സ്ഥാപനത്തിന്റെയും, തൊഴിലാളികളുടെയും വരുമാനം സംബന്ധിച്ച് റിട്ടേൺ വാങ്ങി നികുതി കണക്കാക്കി ഡിമാന്റ് ചെയ്യേണ്ടതാണ്.
5. മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥനും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കേണ്ടതും ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതുമാണ്.

## 1-16 ഷോപ്പിംഗ് കോംപ്ളക്സ് വാടകയ്ക്ക് നൽകിയത്-ബൈലോ തയ്യാറാക്കിയില്ല

കിഴക്കോത്ത് ഗ്രാമ പഞ്ചായത്തിലെ വാടക രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 4 മുറികൾ ( റൂം നമ്പർ 17/457, 17/458,17/459,17/460)വാടകയ്ക്ക് നൽകിയിട്ടുണ്ട്.

1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ പ്രകാരം കെട്ടിടം വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് ബൈലോ തയ്യാറാക്കിയതായി കാണുന്നില്ല . 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങൾ ചട്ടം.3 പ്രകാരം കെട്ടിടം വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് ബൈലോ തയ്യാറാക്കി പാസ്സാക്കിയതിനു ശേഷം സർക്കാരിലേക്കോ സർക്കാർ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുമ്പാകെയോ അംഗീകാരത്തിനായി അയയ്ക്കേണ്ടതാണ്. അംഗീകരിച്ച ബൈലോ പ്രകാരവും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കിയുമാണ് കെട്ടിടം വാടകയ്ക്ക് നൽകേണ്ടത്. മേൽ അപാകതയ്ക്കു വിശദീകരണം നൽകേണ്ടതാണ്.

## 1-17 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ FTEA&OS രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1)മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് ഫീസ് ഈടാക്കുന്നില്ല**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ 285 അപേക്ഷകരിൽ നിന്നായി 57550/- രൂപ ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ടെങ്കിലും, ഏത് മാനദണ്ഡപ്രകാരമാണ് ഫീസ് ഈടാക്കിയത് എന്ന് വ്യക്തമല്ല. അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല.

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 2410 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2018-19 സാമ്പത്തിക വർഷത്തിൽ 285പേർ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന് കരുതേണ്ടിയിരിക്കുന്നു. ഇക്കാര്യം പഞ്ചായത്ത് ഇതുവരെയും പരിശോധിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്നു എന്നതിലുപരി ജനങ്ങളുടെ ജീവനും സ്വത്തിനും, ആരോഗ്യത്തിനും ഹാനികരമാകും വിധം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിനും ഒഴിവാക്കുന്നതിനും പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തത് ഗ്രാമപഞ്ചായത്തിന്റെ പോരായ്മയായി വിലയിരുത്തുന്നു. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി ഇക്കാര്യം അടിയന്തിരമായി പരിശോധിച്ച്, പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**2)മുഴുവൻ ട്രേഡേഴ്സിനേയും ഉൾപ്പെടുത്തി ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല**

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അടങ്ങിയ വാർഡ്തിരിച്ചുള്ള ഒരു ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിക്കുന്നത്.

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം ഫാക്ടറികൾക്കും കച്ചവട സ്ഥാപനങ്ങൾക്കും സംരംഭങ്ങൾക്കും മറ്റു സേവനങ്ങൾക്കും ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നല്കുന്ന

ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിനു 30 ദിവസത്തിനുള്ളിൽ ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുമുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

അപേക്ഷയിൽ, അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, കെട്ടിട നമ്പർ, ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻ വർഷത്തെ ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണങ്കിൽ കുതിരശക്തിയുടെ അളവ്, സ്ഥാപനത്തിന്റെ പേര്എന്നിവ രേഖപ്പെടുത്തി എന്നും, മലിനീകരണ നിയന്ത്രണ ബോർഡോ വ്യവസായ വകുപ്പോ നൽകുന്ന സാക്ഷ്യപത്രം/ സാനിറ്റേഷൻ സർട്ടിഫിക്കറ്റ് എന്നിവ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്. ജി.ഒ (ആർ.ടി)795/2007/ത.സ്വ.ഭ.വ (16.03.2007) പ്രകാരമുള്ള പ്ലാസ്റ്റിക് നിരോധന-സ്ഥല നാമ സാക്ഷ്യപത്രം ചേർക്കേണ്ടതുമാണ്. പരിശോധിച്ച ചില ലൈസൻസ് അപേക്ഷകളിലൊന്നും തന്നെ മേൽ പരാമർശിച്ച പ്രകാരമുള്ള സാക്ഷ്യ പത്രങ്ങളൊന്നും ഉൾപ്പെടുത്തിയതായി കാണുന്നില്ല എന്നു മാത്രമല്ല ഇവയൊന്നുമില്ലാതെ തന്നെ അപേക്ഷിച്ച എല്ലാവർക്കും ലൈസൻസ് അനുവദിച്ചിട്ടുമുണ്ട്.

**3) ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല.**

2018-19 വർഷത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 285 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2018 മാർച്ച് മാസത്തിനുള്ളിൽ തന്നെ നൽകേണ്ടതായിരുന്നു. എന്നാൽ ഇവയിൽ 58 സ്ഥാപനങ്ങൾ മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ യഥാസമയം നൽകിയത്. ബാക്കി സ്ഥാപനങ്ങൾ 2018 ഏപ്രിൽ മുതൽ 2019മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. എതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പേര് | വ്യാപാരം | വാർഡ്/കെട്ടിട നം | ലൈസൻസ് നൽകിയ തിയ്യതി |
|---|---|---|---|---|
| 1 | സുബൈദ | പിവിഎസ് സിമന്റ് വർക്സ് | 12/447എ | 9-5-2018 |
| 2 | മുഹമ്മദ്.പി.കെ | ടൈൽസ്,സാനിറ്ററിഷോറൂം | 18/492 | 07-07-2018 |
| 3 | കൗസല്യ.കെ.കെ | ഹോട്ടൽ | 10/365 | 28-9-2018 |
| 4 | അബ്ദുറഹിമാൻ.കെ.പി | ഫർണിച്ചർ വർക്സ് | 13/450എ | 14-11-2018 |
| 5 | അബ്ദുൾ മുനീർ.കെ.പി | ജെന്റ്സ്റെഡിമെയ്ഡ്സ് | 1/716 | 10-12-2018 |

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-18 അംഗൻവാടികൾക്ക് കുടിവെള്ളം ലഭ്യമാക്കൽ - നിർമ്മാണം പൂർത്തീകരിച്ചില്ല.

പ്രൊജക്ട് നം - 22 /18-19

ബിൽനം/തുക -17/31-12-18/250000

-18/31-12-18/45000

മേൽസൂചിപ്പിച്ച പ്രോജക്ട് പ്രകാരം കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ 12 അംഗൻവാടികളിൽ കുടിവെള്ളം ലഭ്യമാക്കാൻ വേണ്ടികേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത വർക്ക് പൂർത്തീകരിച്ചിട്ടില്ല.അംഗൻവാടി സൂപ്പർവൈസർ ലഭ്യമാക്കിയ കണക്ക് പ്രകാരം നിലവിൽ 14 അംഗൻവാടികളിൽ കുടിവെള്ള സൗകര്യമില്ല.

മേൽ പ്രവൃത്തി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്

## 1-19 എസ്സ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല.

പ്രൊജക്ട് നം. – 209 /18-19

അടങ്കൽ- 1200000

ചെലവ്തുക- 840000

എസ്സ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രൊജക്ടിന്റെ ഭാഗമായി പഞ്ചായത്തിൽ 2018-19 ൽ 6പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇവർ 2018-19 കാലയളവിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ പേരും കൈപറ്റിയ തുകയും ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | കൈപ്പറ്റിയതുക |
|---|---|---|
| 1. | അനാമിക | 140000 |
| 2. | അനന്തു | 140000 |
| 3. | സാരംഗ് | 140000 |
| 4. | അഭയ്.ബി.രാജ് | 140000 |
| 5. | അനൈന.ടി.പി | 140000 |
| 6. | പവിത്ര.വി.എം | 140000 |

നിർമ്മാണം പൂർത്തിയാക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്

## 1-20 തോട് സർവ്വേ തുക അടവാക്കൽ- സർവ്വേ പൂർത്തീകരിച്ചില്ല.

പ്രൊജക്ട് നം. - 224 /18-19

അടങ്കൽ- 115830

ചെലവ്തുക- 115830

കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ 23, 24, 35, 36, 39, 40, 41, 42, 44, സർവ്വേയിൽപ്പെട്ട തോടിന്റെ അതിരുകൾ ഉൾപ്പെട്ട സ്ഥലം സർവ്വേ ചെയ്യുന്നതിന് 115830 രൂപ താലൂക്ക് ഹെഡിൽ അടവാക്കുന്നതിനാണ് പദ്ധതി. അതനുസരിച്ച് അഡീ.തഹസീൽദാരുടെ ടി.എസ്സ്.ബി അക്കൗണ്ടിലേയ്ക്ക് പ്രസ്തുത തുക കൈമാറിയിട്ടുണ്ട്. തഹസീൽദാരുടെ 25-3-19 ലെ കത്തിൽ നിർദ്ദേശിച്ചതിനുസരിച്ച് ഭരണസമിതിയുടെ 8-4-19 ലെ 7/1 തീരുമാനപ്രകാരം സർവ്വേ നടത്തുന്ന സമയത്ത് ആവശ്യമായ സർവ്വേകല്ലുകൾ ലഭ്യമാക്കുന്നതിനും ആയത് കുഴിച്ചിടുന്നതിനായുമുള്ള ചെലവ് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ലഭ്യമാക്കാൻ തീരുമാനിച്ച് 2019-20 ൽ പ്രോജക്ട് രൂപീകരിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് പിരീഡു വരെ സർവ്വേ പൂർത്തിയായിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. സർവ്വേ പൂർത്തിയാക്കിയ വിവരം അറിയിക്കേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-21 ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

കിഴക്കോത്ത് ഗ്രാമപഞ്ചായത്തിൽ വി.ഇ.ഓ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നം 38/18-19 വീട് വാസയോഗ്യമാക്കൽ.

അടങ്കൽ- 1800000

ചെലവ്തുക- 1750000

പഞ്ചായത്തിൽ 2018-19 ൽ 36 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതിൽ സുമിയ്യ.എൻ

എന്ന ഗുണഭോക്താവിന് ആദ്യഗഡുവായി 25000/ രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പ്രൊജക്ട് നം - 35/18-19 ഭവനനിർമ്മാണം(ലൈഫ്)

അടങ്കൽ -8000000

ചെലവ്തുക- 6546827

മൊത്തം 20 ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചതിൽ സക്കീന എന്ന ഗുണഭോക്താവ് 40000 രൂപ കൈപറ്റിയെങ്കിലും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

നിർമ്മാണം പൂർത്തിയാക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്

## 1-22 അംഗൻവാടികളിൽ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത

കിഴക്കോത്ത് ഗ്രാമപഞ്ചായത്തിൽ 29 അംഗൻവാടികളാണുള്ളത്. ഇതിൽ 28 എണ്ണം സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. എല്ലാ അംഗൻവാടികളിലും സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന ലക്ഷ്യം പഞ്ചായത്ത് കൈവരിച്ചിട്ടില്ല. ഉദാഹരണമായി 14 അംഗൻവാടികളിൽ കുടിവെള്ള സൗകര്യമില്ല. കൂടാതെ വൈദ്യുതിയില്ലാതെ 5എണ്ണവും ചുറ്റുമതിൽ ഇല്ലാതെ 8 എണ്ണവും പ്രവർത്തിക്കുന്നു. സ.ഉ(കൈ)നം.11/2018 L.S.G.D dtd.29-1-18ലെ7.8.2 പ്രകാരം അംഗൻവാടികൾക്ക് കെട്ടിടം, കുടിവെള്ളം, ഫർണ്ണിച്ചർ, മറ്റ് ഭൗതികസാഹചര്യമൊരുക്കൽ എന്നിവ നിർബന്ധിത പ്രോജക്ടുകളാണ്. 2018-19 സാമ്പത്തിക വർഷത്തിൽ എ.ഇ. നിർവഹണഉദ്യോഗസ്ഥനായി അംഗൻവാടി ആധുനികവൽക്കരണം കെട്ടിടങ്ങൾ അഭിവൃദ്ധിപ്പെടുത്തൽ, പ്രോജക്ടിനായി, 987411, മെയിന്റനൻസ് ഫണ്ട്, (NR), ഫണ്ട് വകയിരുത്തിയിരുന്നെങ്കിലും പ്രോജക്ട്നടപ്പിലാക്കിയിട്ടില്ല. കൂടാതെ സെക്രട്ടറി

നിർവഹണഉദ്യോഗസ്ഥനായി അംഗൻവാടികൾക്ക് കുടിവെള്ളം ലഭ്യമാക്കുക എന്ന പ്രോജക്റ്റിന്റെ ഭാഗമായി വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും പ്രോജക്റ്റ് പൂർത്തീകരിച്ചിട്ടില്ല. മേൽ അപാകതകൾ പരിഹരിക്കാനുള്ളനടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്

## 1-23 കൃഷി-പ്രോജക്റ്റ് രൂപീകരണത്തിലെ പോരായ്മകൾ

കിഴക്കോത്ത് ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തികവർഷത്തിൽ കൃഷിഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി പച്ചക്കറി വികസനം, തെങ്ങുപരിപാലനം, നെൽകൃഷി വികസനം, വിത്തുകളും തൈകളും വിതരണം ചെയ്യൽ എന്നീ നാലു പ്രോജക്റ്റുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. 2018-19വികസനരേഖ പരിശോധിച്ചതിൽ കർഷകർ പാരമ്പര്യ കൃഷിസമ്പ്രദായം തന്നെ തുടർന്ന് വരുന്നതായും, മഴവെള്ള സംഭരണത്തിന്റെ അപര്യാപ്തത, മുതലായവയെകുറിച്ച് പരാമർശിക്കുകയും പരിഹാരമായി മഴവെള്ളസംഭരണത്തിന്റെ പ്രാധാന്യത്തെ കുറിച്ചും, തരിശുഭൂമി കൃഷിയോഗ്യമാക്കാൻ നടപടി സ്വീകരിക്കേണ്ട ആവശ്യകതയെ കുറിച്ചുമൊക്കെ പ്രതിപാദിക്കുന്നുണ്ട്. കൂടാതെ ഹരിതകേരളമിഷന്റെ ഭാഗമായി ജലസ്രോതസ്സുകളുടെ സംരക്ഷണം,തരിശുകിടക്കുന്ന കൃഷിയിടങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുക മുതലായവ നടപ്പിലാക്കാൻ ആവശ്യപ്പെടുന്നു. പഞ്ചായത്തിൽ 3 ഹെക്ടറോളം തരിശുഭൂമി ഉണ്ട്. നിലവിൽ 5ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ചെയ്യുന്നത്. 22-2-18,7-3-18 തിയ്യതികളിലെ വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ 2018-19 ലെ പദ്ധതി നിർദ്ദേശങ്ങളിൽ നെൽകൃഷി വികസിപ്പിക്കാനും, ജലസ്രോതസ്സുകളുടെ സംരക്ഷണം, തരിശുരഹിത പഞ്ചായത്ത്, എന്നിങ്ങനെ നിർദ്ദേശങ്ങൾ വച്ചിട്ടുണ്ടെങ്കിലും അവയൊന്നും പ്രോജക്റ്റ് രൂപീകരണത്തിലേയ്ക്ക് എത്തിയിട്ടില്ല. പ്രോജക്റ്റ് രൂപീകരണത്തിലെ അപാകതകളാണ് ഇത് കാണിക്കുന്നത്. മേൽ വിഷയത്തിലേയ്ക്ക് ബന്ധപ്പെട്ട ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

## 1-24 പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം - സർക്കാർ ഗ്രാന്റിനത്തിൽ 1.1 കോടി രൂപ നഷ്ടപ്പെട്ടു.

2018- 19 വർഷം ഡി.പി.സി അംഗീകാരം വാങ്ങിയ 113 മരാമത്ത് പ്രോജക്റ്റുകളിൽ 71 എണ്ണം പുതിയ പ്രോജക്റ്റുകളും 42 എണ്ണം സ്പിൽ ഓവർ പ്രോജക്റ്റുകളുമാണ്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യഗസ്ഥനായുള്ള 71 പുതിയ പ്രോജക്റ്റുകളിൽ 21 എണ്ണത്തിനും 42 സ്പിൽ ഓവർ പ്രോജക്റ്റുകളിൽ 12 പ്രവൃത്തികൾക്കും തൻവർഷം തുകയൊന്നും ചെലവഴിച്ചില്ല. ആകെയുള്ള മരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയ അടങ്കൽ തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അടങ്കൽ | ചെലവഴിച്ച തുക | ചെലവഴിക്കാത്ത തുക | ചെലവഴിച്ചതിന്റെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 19,85,145 | 12,78,656 | 7,06,489 | 64.41 |
| വികസന ഫണ്ട്-എസ്.സി.പി | 13,20,400 | 7,25,000 | 5,95,400 | 54.91 |

| | | | | |
|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 99,23,912 | 64,69,333 | 34,54,579 | 65.19 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 11,36,040 | 0 | 11,36,040 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 10,00,000 | 3,73,332 | 6,26,668 | 37.33 |
| തനത് ഫണ്ട് | 39,16,973 | 32,58,438 | 6,58,535 | 83.19 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 12,50,000 | 0 | 12,50,000 | 0 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 1,27,51,000 | 76,21,004 | 51,29,996 | 59.77 |
| സംരക്ഷണഗ്രാന്റ്- റോഡിതരം | 19,20,411 | 8,45,298 | 10,75,113 | 44.02 |
| ആകെ | 3,52,03,881 | 2,05,71,061 | 1,46,32,820 | 58.43 |

മേൽ പട്ടിക പ്രകാരം ചെലവഴിക്കാത്ത ഗ്രാന്റ് തുക സാമ്പത്തിക വർഷാവസാനം സർക്കാർ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചെടുക്കുന്നതിനാൽ ഫലത്തിൽ താഴെ പറയുന്ന രൂപത്തിൽ 1,.1കോടി രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കയാണ്.

| | |
|---|---|
| വികസന ഫണ്ട്-ജനറൽ | 7,06,489 |
| വികസന ഫണ്ട്- എസ്.സി.പി | 5,95,400 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 34,54,579 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 51,29,996 |
| സംരക്ഷണഗ്രാന്റ്- റോഡിതരം | 10,75,113 |
| ആകെ | 1,09,61,577 |

മരാമത്ത് പ്രവൃത്തികളുടെ പദ്ധതി ചെലവ് താരതമ്യേന കുറവായ സാഹചര്യത്തിൽ അസിസ്ററന്റ് എഞ്ചിനീയർ നിർവ്വഹണോദ്യഗസ്ഥയായുള്ള പ്രവൃത്തികളുടെ പൂർത്തീകരണം ത്വരിതപ്പെടുത്തുന്നതിന് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും (യോഗ തീയതി- 25.04.18, 02.08.18, 04.09.18, 07.03.19, 26.03.19) ഭരണസമിതിയുടെയും (യോഗ തീയതി - 16.11.18, 08.03.19) വിവിധ യോഗങ്ങളിൽ തീരുമാനമെടുത്തെങ്കിലും ആയത് ഫലപ്രദമായി നടപ്പിൽ വരുത്താൻ കഴിഞ്ഞില്ല. മരാമത്ത് പ്രവൃത്തികളെ സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയറുടെയും ഓവർസിയർമാരുടെയും ഒരു അവലോകന യോഗം സാമ്പത്തിക വർഷാവസാനത്തിൽ (11.03.2019) നടത്താൻ ഭരണസമിതിയുടെ 08.03.19 ലെ യോഗത്തിൽ തീരുമാനിച്ചിരുന്നെങ്കിലും ആയതിന്റെ റിപ്പോർട്ട് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭിച്ചില്ല.

നിർവ്വഹണത്തിലെ വീഴ്ച മൂലം സ്ഥാപനത്തിനുണ്ടായ ധനനഷ്ടത്തിന് മറുപടി സമർപ്പിക്കേണ്ടതും പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച ക്രമീകരണങ്ങൾ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-25 പോട്ട്ഹോൾ ഫില്ലിംഗ് വ്യാപകം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യഗസ്ഥയായി 2018-19 വർഷത്തിൽ നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിൽ മിക്കതിലും പോട്ട്ഹോൾ ഫില്ലിംഗ് വ്യാപകമായി നടപ്പാക്കിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | കരാറുകാരന്റെ പേര് | എം. ബുക്ക് നം | ആകെ പ്രവൃത്തി മൂല്യം | പോട്ട്ഹോൾ ഫില്ലിംഗിന് വന്ന ചെലവ് | പോട്ട്ഹോൾ ഫില്ലിംഗ് % (ആകെ ചെല വിൽ) | ബിൽ നം / തീയതി |
|---|---|---|---|---|---|---|---|
| 1. | 170/18-19, തറോൽ ഒഴലക്കുന്ന് റോഡ് | റിഇ.എം.വി | 132/17-18 | 2,68,533 | 95,883 | 35.71 | 28/26.12.2018 |
| 2. | കൈവേലിക്കടവ് ചെവിടം പാറ റോഡ് | സലീം | 312/18-19 | 2,32,017 | 54,457 | 23.47 | 33/31.12.2018 |
| 3. | 100/18-19, കണ്ണി പ്പൊയിൽ ചെറുമല വാട്ടർ ടാങ്ക് റോഡ് | ഷാജു | 332/18-19 | 3,50,000 | 76,542 | 21.87 | |
| 4. | 199/18-19, മൂത്താട്ട് കിഴക്കോത്ത് പള്ളി റോഡ് | കെ.എം. പ്രമോദ് | 109/17-18 | 2,58,723 | 82,431 | 31.86 | 9/31.08.2018 |
| 5. | 179/18-19, ഹെൽത്ത് സെന്റർ ചപ്പങ്ങാത്തോട്ടം റോഡ് | അബ്ദുൾ അസീസ് | 105/17-18 | 1,46,313 | 46,483 | 31.77 | 8/31.08.2018 |
| 6. | 185/18-19, പരപ്പാറ ചെറിയ കിഴക്കയിൽ റോഡ് | അബ്ദുൾ ബാസിത് | 104/17-18 | 2,50,000 | 69,425 | 27.77 | |
| 7. | 176/18-19, ചെറുകര താഴം കണ്ണിമാറ്റിക്കൽ റോഡ് | അബ്ദുൾ ബാസിത് | 119/17-18 | 1,50,000 | 53,943 | 35.96 | 38/07.01.2019 |

| | | | | | | | |
|---|---|---|---|---|---|---|---|
| 8. | 182/18-19, ആലപ്പ റയിൽ തോട്ടുമൂല റോഡ് | അബ്ദുൾ ബാസിത് | 319/17-18 | 1,32,000 | 31,621 | 23.96 | 16/12.11.2018 |

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ 23.10.2018 യോഗ തീരുമാനം നം. 5 പ്രകാരം വിവിധ വാർഡുകളിൽ പൂർത്തീകരിക്കാത്ത റോഡുകളും മറ്റും കണ്ടെത്തി അവ ഗതാഗതയോഗ്യമാക്കാൻ വേണ്ടി എല്ലാ പ്രവൃത്തിയും നൂതന രീതിയിൽ പൂർത്തീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ അത്തരത്തിൽ ഒരു പട്ടിക തയ്യാറാക്കിയില്ല. ആയതിനാൽ തന്നെ ഏതൊക്കെ റോഡുകളാണ് അറ്റകുറ്റപണി നടത്തേണ്ടതെന്നും ഗതാഗതയോഗ്യമാക്കേണ്ടതെന്നും വ്യക്തമല്ല.

മിക്ക പൊതുമരാമത്ത് പ്രവൃത്തികളിലും വലിയ തോതിൽ പോട്ട്ഹോൾ ഫില്ലിംഗ് വ്യാപകമായി ഉപയോഗിക്കേണ്ടി വന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-26 അംഗനവാടി നിർമ്മാണം പൂർത്തീകരിച്ച - വകയിരുത്തിയ ഫണ്ട് ലഭിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം, പേര് | 212/18-19, നിർമ്മാണം പൂർത്തീകരിച്ച അംഗനവാടി കെട്ടിടത്തിന് RIDF ഫണ്ട് നൽകൽ |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | നിയാസ് |
| അടങ്കൽ & ചെലവ് | 5,35,434/- |
| ഫണ്ടിനം | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

2016-17 വാർഷിക പദ്ധതിയിൽ 161/16-17 നമ്പറായി ഈസ്റ്റ് കിഴക്കോത്ത് അംഗനവാടി നിർമ്മാണത്തിന് അംഗീകാരം ലഭിച്ചിരുന്നു. സംരക്ഷണ ഗ്രാന്റ് (റോഡിതരം) നത്തിൽ 1,22,000 രൂപയും നബാർഡ് RIDF ഫണ്ടിനത്തിൽ 6,78,000 രൂപയുമടക്കം 8 ലക്ഷം രൂപയാണ് പദ്ധതിക്കായി വകയിരുത്തിയിരുന്നത്. 2017-18 വാർഷിക പദ്ധതിയിൽ സ്പിൽ ഓവറായി (148/17-18) തുടർന്ന പ്രവൃത്തി പൂർത്തീകരിക്കുകയും പാർട്ട് ബില്ലായി 1,22,000 രൂപ കരാറുകാരന് നൽകുകയും ചെയ്തു. പ്രവൃത്തി പൂർത്തീകരിച്ചതിനാലും RIDF ഫണ്ട് ലഭ്യമല്ലാത്ത സാഹചര്യത്തിലും നിലവിലുള്ള എസ്റ്റിമേറ്റും സാങ്കേതികാനുമതിയും പരിഗണിച്ച് ഫൈനൽ ബിൽ തുകയായ 5,35,434 രൂപ അനുവദിക്കുന്നതിന് കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തി 2018-19 വാർഷിക പദ്ധതിയിൽ പുതിയ പ്രോജക്ട് തയ്യാറാക്കുകയും കരാറുകാരന് ഫൈനൽ ബിൽ തുക നൽകുകയും ചെയ്തു. RIDF ഫണ്ട് ലഭിക്കുന്നതിന് 21.08.2017 ലെ എ2-4305/17 നം കത്ത് പ്രകാരം എൽ.എസ്.ജി.ഡി.ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ NABARD അംഗീകരിച്ച ഭരണാനുമതി ഉത്തരവിന്റെ ലിസ്റ്റിൽ മേൽ അംഗനവാടി ഉൾപ്പെട്ടില്ലെന്ന് അറിയിച്ച് 23.04.2018 ലെ എ1-RIDF/1951/17 നം കത്ത് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ ബിൽ തിരിച്ചയച്ചു. സെക്രട്ടറിയുടെ ഓഫീസ് മുഖാന്തിരം കരാർ വെച്ച പ്രവൃത്തിയായതിനാൽ പ്രസ്തുത ഓഫീസിൽ നിന്നുതന്നെ ഉചിതമായ നടപടി കൈക്കൊള്ളാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടു. അംഗനവാടി കെട്ടിടത്തിന്റെ തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് RIDF ഫണ്ട് അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടു. തുടർ

നടപടികളുടെ വിവരം ലഭ്യമല്ല.

മേൽ സാഹചര്യത്തിൽ താഴെ പറയുന്ന കാര്യങ്ങൾക്ക് മറുപടി സമർപ്പിക്കേണ്ടതാണ്.

1. NABARD അംഗീകരിച്ച ഭരണാനുമതി ഉത്തരവിൽ മേൽ പറഞ്ഞ അംഗനവാടിയുടെ പേര് ഉൾപ്പെട്ടില്ലെന്നിരിക്കെ RIDF ഫണ്ട് വകയിരുത്തി പ്രോജക്ട് ആവിഷ്കരിക്കാനുള്ള കാരണം.

2. 2018-19 വർഷത്തെ വാർഷിക കണക്കുകൾ (B-4) പ്രകാരം ICDS ഫണ്ടിനത്തിൽ 13,55,906 രൂപ നീക്കിയിരിപ്പുണ്ട്. മേൽ പ്രവൃത്തിക്ക് പ്രസ്തുത ഫണ്ടിൽ നിന്നും വകയിരുത്താതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചതിന്റെ കാരണം. ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-27 ടെണ്ടറുകൾ സ്വീകരിച്ചതിൽ അപാകം - പൊതുമരാമത്ത് ചട്ടങ്ങൾ പാലിച്ചില്ല.

2018-19 വാർഷിക പദ്ധതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യഗസ്ഥനായി നടപ്പിലാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിൽ, ഏതാനും ഇനങ്ങളുടെ കാര്യത്തിൽ ചട്ട പ്രകാരമുള്ള ടെണ്ടർ സ്വീകരിക്കൽ നടപടികൾ പാലിച്ചില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | ടെണ്ടർ/ റീ ടെണ്ടർ സമർപ്പിച്ച തീയതി | കരാറുകാരൻ | ക്വാട്ട് ചെയ്ത നിരക്ക് | റിമാർക്സ് |
|---|---|---|---|---|---|
| 1. | 180/18-19, വടക്കേടത്ത് കുഴിമണ്ണിൽ റോഡ് | 06.02.2018 | അബ്ദുൾ ബാസിത് | എസ്റ്റിമേറ്റ് നിരക്ക് | ടെണ്ടറിൽ ആവശ്യമായ സ്ഥലങ്ങളിൽ ടെണ്ടറർ ഒപ്പ് വെച്ചില്ല. ഈ അപാകത ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ തിരുത്തിച്ചതായും കാണുന്നില്ല. |
| 2. | 182/18-19, ആലപ്പാറയിൽ തോട്ടുമൂല റോഡ് | തീയതി ചേർത്തില്ല | അബ്ദുൾ ബാസിത് | എസ്റ്റിമേറ്റ് നിരക്ക് | ---ടി---- |
| 3. | 183/18-19, പൂളക്കുഴിയിൽ റോഡ് | 06.02.2018 | അബ്ദുൾ ബാസിത് | എസ്റ്റിമേറ്റ് നിരക്ക് | ---ടി--- |
| 4. | 189/18-19, നാട്ടിക്കല്ല് കണ്ടിയിൽ മീത്തൽ റോഡ് | 06.02.2018 | അബ്ദുൾ ബാസിത് | എസ്റ്റിമേറ്റ് നിരക്ക് | ----ടി--- |
| 5. | 192/18-19, മൊളോട്ടത്തിൽ റോഡ് | തീയതി ചേർത്തില്ല | പ്രമോദ് കെ.എം | എസ്റ്റിമേറ്റ് നിരക്ക് | ---ടി--- |
| 6. | 184/18-19, പുതിയോട്ടിൽ അമ്പലം റോഡ് | 06.02.2018 | അബ്ദുൾ ബാസിത് | രേഖപ്പെടുത്തിയില്ല | ക്വാട്ട് ചെയ്ത നിരക്ക് രേഖപ്പെടുത്തിയില്ല. ടെണ്ടറിൽ ആവശ്യമായ സ്ഥലങ്ങളിൽ ടെണ്ടറർ ഒപ്പ് വെച്ചില്ല. ഈ അപാകത ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ |

| | | | | | |
|---|---|---|---|---|---|
| | | | | | തിരുത്തിച്ചതായും കാണുന്നില്ല. |
| 7. | 188/18-19, ഒഴലക്കുന്ന് സ്കൂൾ പുലിവലം മൂഴിപ്പുറത്ത് റോഡ് | 05.12,2017 | അബ്ദുൾ ബാസിത് | എസ്റ്റിമേറ്റ് നിരക്ക് | ടെണ്ടറിൽ ആവശ്യമായ സ്ഥലങ്ങളിൽ ടെണ്ടറർ ഒപ്പു വെച്ചില്ല. ഈ അപാകത ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ തിരു ത്തിച്ചതായും കാണുന്നില്ല. |
| 8. | 109/18-19, മരുതുള്ളതിൽ പൊന്ത്രമല റോഡ് | തീയതി ചേർത്തില്ല | പ്രമോദ് കെ.എം | എസ്റ്റിമേറ്റ് നിരക്ക് | ---ടി--- |
| 9. | 176/18-19, ചെറുകരതാഴം കണ്ണിറ്റമാക്കിൽ റോഡ് | തീയതി ചേർത്തില്ല | അബ്ദുൾ ബാസിത് | എസ്റ്റിമേറ്റ് നിരക്ക് | ---ടി--- |
| 10. | 185/18-19, പരപ്പാറ ചെറി യ കിഴക്കയിൽ റോഡ് | തീയതി ചേർത്തില്ല | അബ്ദുൾ ബാസിത് | എസ്റ്റിമേറ്റ് നിരക്ക് | ---ടി--- |
| 11. | 179/18-19, ഹെൽത്ത് സെന്റർ ചപ്പങ്ങത്തോട്ടം റോഡ് | തീയതി ചേർത്തില്ല | 1പ്രമോദ് കെ.എം<br>2അബ്ദുൾ അസീസ് | എസ്റ്റിമേറ്റ് നിരക്ക് | രണ്ട് ടെണ്ടറർമാരും എസ്റ്റിമേറ്റ് നിരക്കിലാണ് ക്വാട്ട് ചെയ്തതെങ്കിലും ശ്രീ. അബ്ദുൾ അസീസിന് കരാർ നൽകിയതെങ്ങിനെയെ ന്ന് വ്യക്തമല്ല. ടെണ്ടറർമാരു മായി നെഗോസിയേഷൻ നടത്തിയില്ല. |
| 12. | 181/18-19, കോന്നാലിൽ കരുപ്പിടിക്കുന്ന് റോഡ് | 06.02.2018 | അബ്ദുൾ ബാസിത് | എസ്റ്റിമേറ്റ് നിരക്ക് | ടെണ്ടറിൽ ആവശ്യമായ സ്ഥലങ്ങളിൽ ടെണ്ടറർ ഒപ്പു വെച്ചില്ല. ഈ അപാകത ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ തിരു ത്തിച്ചതായും കാണുന്നില്ല. |
| 13. | 178/18-19, വഴിക്കടവ് പാറക്കണ്ടം റോഡ് | തീയതി ചേർത്തില്ല | അബ്ദുൾ ബാസിത് | എസ്റ്റിമേറ്റ് നിരക്ക് | ---ടി--- |
| 14. | 191/18-19, മംഗലോട്ട് കുന്ന് റേഡ് | തീയതി ചേർത്തില്ല | 1.ഹാഷിം. എം.കെ<br>2.അബ്ദുൾ ബാസിത് | എസ്റ്റിമേറ്റ് നിരക്ക് | ടെണ്ടറിൽ ആവശ്യമായ സ്ഥല ങ്ങളിൽ ടെണ്ടറർ ഒപ്പു വെച്ചില്ല. ഈ അപാകത ടെണ്ടർ തുറക്കു ന്ന ഉദ്യോഗസ്ഥൻ തിരു ത്തിച്ച തായും കാണുന്നില്ല. കൂടാതെ രണ്ട് ടെണ്ടറർമാരും എസ്റ്റിമേറ്റ് നിര ക്കിലാണ് ക്വാട്ട് ചെയ്തതെങ്കിലും ശ്രീ. അബ്ദുൾ ബാസിതിന് കരാർ നൽകിയതെ ങ്ങിനെയെന്ന് വ്യക്തമല്ല. ടെണ്ടറർമാരുമായി |

| | | | | | |
|---|---|---|---|---|---|
| | | | | | നെഗോസിയേഷൻ നടത്തിയില്ല. |
| 15. | 203/18-19, കുനിയിൽ ഫുട്പാത്ത് | തീയതി ചേർത്തില്ല | പ്രമോദ് കെ.എം | എസ്റ്റിമേറ്റ് നിരക്ക് | ടെണ്ടറിൽ ഒരു സ്ഥലത്തും ടെണ്ടറർ ഒപ്പു വെച്ചില്ല. |
| 16. | 199/18-19, മൂത്താട്ട് കിഴക്കോത്ത് പള്ളി റോഡ് | 06.02.2018 | അബ്ദുൾ അസീസ് | എസ്റ്റിമേറ്റ് നിരക്ക് | ടെണ്ടറിൽ ആവശ്യമായ സ്ഥല ങ്ങളിൽ ടെണ്ടറർ ഒപ്പു വെച്ചില്ല. ഈ അപാകത ടെണ്ടർ തുറക്കു ന്ന ഉദ്യോഗസ്ഥൻ തിരു ത്തിച്ച തായും കാണുന്നില്ല. |
| 17. | 100/18-19, കണ്ണിപ്പൊ യിൽ ചേറ്റമല വാട്ടർ ടാങ്ക് റോഡ് | തീയതി ചേർത്തില്ല | 1. ഷാജു സി.കെ<br>2. റിതു എം. | എസ്റ്റിമേറ്റ് നിരക്ക്<br>2% കൂടുതൽ | ---ടി---<br>---ടി--- |
| 18. | 241/18-19, മാട്ടമ്മൂല കാവിലുമ്മാരം റോഡ് | തീയതി ചേർത്തില്ല | 1.ഹാഷിം എം.കെ<br>2. സാദിക്ക് അലി | 2% കൂടുതൽ | ടെണ്ടർ ഷെഡ്യൂളിലെ "estimate rate...", " ....% below esimate rate....", "....% above estimate rae..." എന്നിവയിൽ മൂന്നിലും രേഖപ്പെടുത്തലുകൾ നടത്തിയതിനു ശേഷം തിരുത്തിയിട്ടുണ്ട്. 11.6% below estimate rate തിരുത്തുകയും 2% above esimae rate അംഗീകരിക്കുയും ചെയ്തിട്ടുണ്ട്. 2% above esimae rate സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും<br>മൊത്തം അപാകതകൾ ക്രമനമ്പറിട്ട് സാക്ഷ്യപ്പെട്ട ത്തിയില്ല.<br>" ....% below esimate rate...." ൽ രേഖപ്പെടുത്തൽ നടത്തിയി<br>ട്ടുണ്ടെങ്കിലും ആയത് വ്യക്തമാ കാത്തവിധം കറുപ്പിച്ചിട്ടുണ്ട്. പിന്നീട് estimate rate ശരിചിഹ്നമിട്ടത് സാക്ഷ്യപ്പെ<br>ടുത്തിയിട്ടുണ്ട്.<br>മേൽ പറഞ്ഞ ടെണ്ടർ ഷെഡ്യൂളുകളുടെ അവസാന പേജിൽ over writing, correcions, inserion എന്നിവ NIL ആയാണ് രേഖപ്പെട്ട ത്തിയത്. |

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ, ചട്ടം- 10-7 പ്രകാരം ഓരോ ടെണ്ടറിലും അത് നൽകിയിട്ടുള്ള ആൾ വരുത്തിയതും സാക്ഷ്യപ്പെടുത്തിയതുമായ തിരുത്തലിനു നേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമനമ്പറിട്ട് ചുരുക്കൊപ്പ് രേഖപ്പെടുത്തേണ്ടതും സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകളുടെ വിവരം ടെണ്ടറിൽ എഴുതേണ്ടതുമാണ്. കൂടാതെ ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായവരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ അത്തരം നടപടികൾ ടെണ്ടർ തുറന്ന അസിസ്റ്റന്റ് എഞ്ചിനീയർ പാലിച്ചില്ല. കൂടാതെ ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായവരുടെ ഒപ്പ് ടെണ്ടർ രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല. രജിസ്റ്ററിൽ അസിസ്റ്റന്റ്എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തൽ മാത്രമാണുള്ളത്.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ -2012 ലെ ഖ: 2009-2 പ്രകാരം ടെണ്ടറിലെ നിസ്സാര തെറ്റുകൾ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥന് മാപ്പാക്കാനും അപാകത തിരുത്തിക്കാനും അധികാരമുണ്ട്. എന്നാൽ ടെണ്ടറർക്ക് സംഭവിച്ച ഇത്തരം അപാകതകൾ തിരുത്തിയെഴുതിയില്ല.

മേൽ പട്ടികയിലും ഖണ്ഡികയിലും സൂചിപ്പിച്ച അപാകങ്ങൾക്ക് മറുപടി സമർപ്പിക്കേണ്ടതാണ്.

## 1-28 കോസ്റ്റ് ഇൻഡക്സിൽ വന്ന കുറവ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പരിഗണിച്ചില്ല – പഞ്ചായത്ത് ഫണ്ടിന് നഷ്ടം.

ഓഡിറ്റ് വർഷത്തിൽ ഫൈനൽ ബിൽ നൽകിയ താഴെ പറയുന്ന പ്രവൃത്തികളുടെ കാര്യത്തിൽ അടിസ്ഥാന നിരക്കിനോടുകൂടി 01.04.2017 മുതൽ പ്രാബല്യത്തിലുള്ള 42.16% കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തിയാണ് കണക്കാക്കിയിരിക്കുന്നത്. പി.ഡബ്ല്യൂ.ഡി ചീഫ് എഞ്ചിനീയരുടെ 19.9.2017 ലെ CE/Admn/PLA/EMP/1014(a)/05 പ്രകാരം 1.10.2017 മുതൽ കോഴിക്കോട് മേഖലയിൽ 37.25% ബാധകമാക്കിക്കൊണ്ട് കോസ്റ്റ് ഇൻഡക്സ് പുനർ നിർണ്ണയിച്ചിട്ടുണ്ട്. പഴയ നിരക്കിലുള്ള എസ്റ്റിമേറ്റ് തുകയിലാണ് പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി വാങ്ങിയതെങ്കിലും പ്രവൃത്തികൾ കരാറുകാരന് ഏൽപിച്ചു കൊടുത്തത് 01.04.2017 മുതലുള്ള കോസ്റ്റ് ഇൻഡക്സിന്റെ പ്രാബല്യത്തീയതി കഴിഞ്ഞാണ്. കോസ്റ്റ് ഇൻഡക്സിൽ വന്ന മാറ്റത്തിനനുസരിച്ച് എസ്റ്റിമേറ്റ് തുകയിൽ മാറ്റം വരുത്താതിരുന്നതിനാൽ ഈ ഇനത്തിൽ സ്ഥാപനത്തിന് അധികച്ചെലവ് ഉണ്ടായി. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | ടി.എസ് നം | കരാർ നം, തീയതി | എം. ബുക്ക് നം | ആകെ പ്രവൃത്തി മൂല്യം | കരാറുകാരൻ |
|---|---|---|---|---|---|---|
| 1. | 181/18-19, കോന്നാലിൽ കരുപ്പിടിക്കുന്ന് റോഡ് | 7318/17-18 | 46/21.03.18 | 321/18-19 | 2,00,000 | അബ്ദുൾ ബാസിത് |
| 2. | 179/18-19, ഹെൽത്ത് സെന്റർ ചപ്പങ്ങാത്തോട്ടം റോഡ് | 12616/17-18 | 29/16.02.18 | 105/17-18 | 1,46,313 | അബ്ദുൾ അസീസ് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 3. | 185/18-19, പരപ്പാറ ചെറിയ കിഴക്കയിൽ റോഡ് | 25719/17-18 | 40/19.03.18 | 104/17-18 | 2,50.000 | അബ്ദുൾ ബാസിത് |
| 4. | 176/1819, ചെറുകര കണ്ണിമാക്കിൽ റോഡ് | 7310/17-18 | 44/21.03.18 | 119/17-18 | 1,50,000 | അബ്ദുൾ ബാസിത് |
| 5. | 177/18-19, മരുതുള്ളതിൽ പൊന്ന്രമല റോഡ് | 46180/17-18 | 07/14.12.17 | 394/18-19 | 2,70,207 | പ്രമോദ് കെ.എം |
| 6. | 188/18-19, ഒഴലക്കുന്ന് സ്കൂൾ പുലിവലം മുഴിപ്പുറത്ത് പൊയിൽ ലക്ഷംവീട് കോളനി റോഡ് | 14131/17-18 | 21/ ........ | 96/17-18 | 3,97,839 | അബ്ദുൾ ബാസിത് |
| 7. | 184/18-19, പുതിയോട്ടിൽ അമ്പലം റോഡ് | 7307/17-18 | 41/19.03.18 | 118/17-18 | 1,03,999 | അബ്ദുൾ ബാസിത് |
| 8. | 192/18-19, മൊളോട്ടത്തിൽ റോഡ് | 7323/17-18 | 53/31.03.18 | 384/18-19 | 1,65,000 | പ്രമോദ് കെ.എം. |
| 9. | 189/18-19, നാട്ടിക്കല്ല് കണ്ടിയിൽ മീത്തൽ റോഡ് | 14169/17-18 | 38/19.03.18 | 117/17-18 | 2,21,763 | അബ്ദുൾ ബാസിത് |
| 10. | 190/18-19, പന്നൂർ ഒഴലക്കുന്ന് റോഡ് | 36619/17-18 | 50/26.03.18 | 343/18-19 | 4,99,715 | CCLCS, ആവിലോറ |
| 11. | 111/18-19, കാളൻകുന്ന് റോഡ് | 54050/17-18 | 34/17.02.18 | 103/17-18 | 5,30,000 | സാദിക്ക് അലി |
| 12. | 183/18-19, പൂളക്കുഴിയിൽ റോഡ് | 7320/17-18 | .............. | | | |

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും കരാറുകാർക്ക് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 1-29 2014ലെ ശമ്പള പരിഷ്കരണം - കുടിശ്ശിക കണക്കാക്കിയതിലെ അപാകത

ജി.ഒ(പി) 7/2016 ഫിൻ തി. 201-1-2016 പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചിട്ടുണ്ട്. അത് പ്രകാരം താഴെ കൊടുത്ത ജീവനക്കാർക്ക് ശമ്പളക്കുടിശ്ശിക കണക്കാക്കിയതിൽ അപാകത കാണുന്നു.

വൗച്ചർ നം. 218000437/8-10-2018 തുക 191642

1) പ്രേമരാജൻ എൻ, ഓഫീസ് അറ്റൻഡന്റ്

ജി.ഒ(പി) 85/2011/ഫിൻ തി. 26-2-2011 പ്രകാരം പ്രേമരാജന്റെ ശമ്പളം 2-8-2010-ന് 8500-13210 രൂപ ശമ്പള സ്കെയിലിൽ 11020/ രൂപയായി നിജപ്പെടുത്തി.

2-8-2010-ന് ശമ്പളം 11020/- (8500-13210)

1-8-2011-ന് ശമ്പളം 11320

1-8-2012 ന് ശമ്പളം 11620

1-8-2013 ന് ശമ്പളം 11920

1-8-2014 ന് ശമ്പളം 12220

എന്നാൽ 1-8-2011-ന് ഹയർ ഗ്രേഡ് അനുവദിച്ചതിനാൽ

1-8-2013-ന് ശമ്പളം 12550 രൂപയും

1-8-2014 ന് ശമ്പളം 12880 രൂപയുമാവും

ജി.ഒ(പി) 7/2016 ഫിൻ തിയ്യതി 20-1-2016 പ്രകാരം ടിയാന്റെ ശമ്പളം 1-7-2014-ന് 16500-35700 ശമ്പള സ്കെയിലിൽ 25852 രൂപയായി നിജപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക കണക്കാക്കിയപ്പോൾ ജൂലൈ 2014 മുതൽ ഡിസംബർ 2014 വരെ ടിയാൻ കൈപ്പറ്റിയതായി കാണിച്ചത് 7/2014-ൽ 10480/- രൂപയും 8/2014- മുതൽ 12/2014 വരെ 10750/- രൂപയുമാണ്. തെറ്റായി കണക്കാക്കിയതും യഥാർത്ഥത്തിൽ അനുവദിക്കേണ്ടതും അധികം കൈപ്പറ്റിയതും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

തെറ്റായി കണക്കാക്കിയത്

| മാസം | ഡ്യൂ | | ആകെ | ഡ്രോൺ | | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|
| | ശമ്പളം | ഡി.എ | | ശമ്പളം | ഡി.എ | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 7/2014 | 25850 | - | 25850 | 10480 | 8384 | 18864 | 6986 |
| 8/2014മുതൽ 12/2014 വരെ | 26500 | - | 26500 | 10750 | 8600 | 19350 | 7150 |

ആകെ 6986 +5X7150=42736

<u>യഥാർത്ഥത്തിൽ കണക്കാക്കേണ്ടത്</u>

| മാസം | ഡ്യൂ | | ആകെ | ഡ്രോൺ | | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|
| | ശമ്പളം | ഡി.എ | | ശമ്പളം | ഡി.എ | | |
| 7/2014 | 25850 | - | 25850 | 12550 | 10040 | 22590 | 3260 |
| 8/2014മുതൽ 12/2014 വരെ | 26500 | | 26500 | 10240 | 12800 | 23040 | 3460 |

ആകെ 3260+5X3460= 20560

അധികം കൈപ്പറ്റിയത് = 42736-20560 = 22176

തുക ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

<u>2. ഉസ്സയിൻ.കെ, പാർട്ട്ടൈം ലൈബ്രേറിയൻ</u>

ശ്രീ ഉസ്സയിൻ സേവനത്തിൽ പ്രവേശിച്ചത് 11-8-2014-നാണ്. 10620-16460 രൂപ ശമ്പള സ്കെയിലിൽ ശമ്പളം 10620/- രൂപയാണ്. എന്നാൽ ശമ്പളക്കുടിശ്ശിക കണക്കാക്കിയപ്പോൾ 8/2014 മുതൽ ശമ്പളം 10860/- രൂപയാണ് കുടിശ്ശിക ബില്ലിൽ കാണിച്ചത്. അതിനാൽ അധികം കൈപ്പറ്റിയ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

<u>തെറ്റായി കണക്കാക്കിയത്</u>

| മാസം | ഡ്യൂ | | ആകെ | ഡ്രോൺ | | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|
| | ശമ്പളം | ഡി.എ | | ശമ്പളം | ഡി.എ | | |
| 8/2014മുതൽ 12/2014 വരെ | 10860 | - | 10860 | 5520 | 4416 | 9936 | 924 |
| 1/2015മുതൽ 6/2015 വരെ | 10860 | 326 | 11186 | 5520 | 4747 | 10267 | 919 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7/2015 | 10860 | 652 | 11512 | 5520 | 5078 | 10598 | 914 |

ഈ കാലയളവിലെ ശമ്പള കുടിശ്ശിക തെറ്റായി കാണിച്ചത്

8/2014 മുതൽ 12/2014 വരെ 6 X 924 = 5544

1/2015 മുതൽ 6/2015 വരെ 6 X 919= 5514

7/2015 1X914 = 914

11972

=========

<u>അർഹതപ്പെട്ടത്</u>

| മാസം | ഡ്യൂ | | ആകെ | ഡ്രോൺ | | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|
| | ശമ്പളം | ഡി.എ | | ശമ്പളം | ഡി.എ | | |
| 8/2014 (ശമ്പളം 10620/-) | 7194 | -- | 7194 | 3739 | 2991 | 6730 | 464 |
| 9/14 മുതൽ 12/14 വരെ | 10620 | | 10620 | 5520 | 4416 | 9936 | 684 |
| 1/2015 മുതൽ 6/2015 | 10620 | 319 | 10939 | 5520 | 4747 | 10267 | 672 |
| 7/2015 | 10620 | 638 | 11258 | 5520 | 5078 | 10598 | 660 |

<u>ആകെ അർഹതപ്പെട്ടത്</u>

8/2014-ൽ 494 = 494

9/2014 മുതൽ
12/2014 വരെ 4X684 = 2736

1/2015 മുതൽ
6/2015 വരെ 6 X672 = 4032

7/2015 1X660 = 660

7922

അധികം അനുവദിച്ചത് 11972-7922 = 4050

അധികം അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ലോഡ്ജിംഗ് ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പാർപ്പിടാവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയിച്ചു.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും ) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് നികുതി നിരക്കുകൾ നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ലോഡ്ജുകൾക്ക് 20/- രൂപയാണ് പഞ്ചായത്ത് പരിധിയിൽ നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള വസ്തു നികുതി പത്രിക പരിശോധിച്ചതിൽ ഒരാളുടെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന 190 'എ' മുതൽ 'കെ' വരെയുള്ള കെട്ടിടങ്ങളിൽ നിന്നും, കെട്ടിടം ക്വാർട്ടേഴ്സ്/ ലോഡ്ജിംഗ് ആവശ്യത്തിന് ഉപയോഗിക്കുമ്പോൾ പാർപ്പിടാവശ്യങ്ങൾക്ക് നിർണ്ണയിച്ചിട്ടുള്ള നികുതിയാണ് കണക്കാക്കിയിട്ടുള്ളത് എന്നു കാണുന്നു. നികുതി ദായകനെ സംബന്ധിച്ചിടത്തോളം സ്വന്തം ആവശ്യത്തിന് പാർപ്പിടമായി ഉപയോഗിക്കുന്ന കെട്ടിടത്തിന് മാത്രമേ പാർപ്പിടാവശ്യത്തിന് നികുതി നിരക്ക് കണക്കാക്കാൻ നിർവ്വാഹമുള്ളൂ. ക്വാർട്ടേഴ്സ് ആയതിനാൽ അവയ്ക്ക് ലോഡ്ജിന്റെ നിരക്കിലായിരുന്നു നികുതി കണക്കാക്കേണ്ടിയിരുന്നത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | വാർഡ് നം/ കെട്ടിട നം | കെട്ടിട ഉടമ | നിർണ്ണയിച്ച് ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് വന്ന നികുതി |
|---|---|---|---|---|---|
| 1 | 16/390 എ | സൈനുദ്ദീൻ.ടി.കെ | വിസ്തൃതി -69.8<br>നിരക്ക്- 4<br>അടിസ്ഥാന നികുതി -279.2<br>വഴി 20% വർദ്ധന -55.84<br>നികുതി - 336 | വിസ്തൃതി -69.8<br>നിരക്ക്- 20<br>അടിസ്ഥാനനികുതി - 1396<br>വഴി 20% വർദ്ധന -279.2<br>നികുതി - 1675 | 1339 |
| 2 | 16/390 ബി | ടി | വിസ്തൃതി -69.8<br>നിരക്ക്- 4<br>അടിസ്ഥാന നികുതി -279.2<br>വഴി 20% വർദ്ധന | വിസ്തൃതി -69.8<br>നിരക്ക്- 20<br>അടിസ്ഥാനനികുതി - 1396<br>വഴി 20% വർദ്ധന | 1339 |

| | | | | | |
|---|---|---|---|---|---|
| | | | -55.84<br>നികുതി - 336 | -279.2<br>നികുതി - 1675 | |
| 3 | 16/390<br>എഫ് | ടി | വിസ്തൃതി -69.8<br>നിരക്ക്- 4<br>അടിസ്ഥാന നികുതി -279.2<br>വഴി 20% വർദ്ധന -55.84<br>നികുതി - 336 | വിസ്തൃതി -69.8<br>നിരക്ക്- 20<br>അടിസ്ഥാനനികുതി - 1396<br>വഴി 20% വർദ്ധന -279.2<br>നികുതി - 1675 | 1339 |
| 4 | 16/390<br>ജി | ടി | വിസ്തൃതി -69.8<br>നിരക്ക്- 4<br>അടിസ്ഥാന നികുതി -279.2<br>വഴി 20% വർദ്ധന -55.84<br>നികുതി - 336 | വിസ്തൃതി -69.8<br>നിരക്ക്- 20<br>അടിസ്ഥാനനികുതി - 1396<br>വഴി 20% വർദ്ധന -279.2<br>നികുതി - 1675 | 1339 |
| 5 | 16/390<br>ജെ | ടി | വിസ്തൃതി -69.8<br>നിരക്ക്- 4<br>അടിസ്ഥാന നികുതി -279.2<br>വഴി 20% വർദ്ധന -55.84<br>നികുതി - 336 | വിസ്തൃതി -69.8<br>നിരക്ക്- 20<br>അടിസ്ഥാനനികുതി - 1396<br>വഴി 20% വർദ്ധന -279.2<br>നികുതി - 1675 | 1339 |
| 6 | 16/390<br>കെ | ടി | വിസ്തൃതി -69.8<br>നിരക്ക്- 4 | വിസ്തൃതി -69.8<br>നിരക്ക്- 20 | 1339 |

| | | | | | |
|---|---|---|---|---|---|
| | | | അടിസ്ഥാന നികുതി -279.2<br>വഴി 20% വർദ്ധന -55.84<br>നികുതി - 336 | അടിസ്ഥാനനികുതി - 1396<br>വഴി 20% വർദ്ധന -279.2<br>നികുതി - 1675 | |
| | ആകെ | | | | 8034 |

മേൽ പത്രിക പ്രകാരം വസ്തുനികുതി നിർണ്ണയത്തിൽ കുറവു വന്ന 8034/- രൂപ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഡാറ്റാ പ്യൂരിഫിക്കേൻ നടത്തി ഇപ്രകാരം നികുതി തെറ്റായി നിർണ്ണയിച്ച മറ്റു കെട്ടിടങ്ങളുടെ വിവരം ശേഖരിക്കേണ്ടതും, ഇവയുടെ നികുതി പുനർ നിർണ്ണയിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ വേണ്ട മാറ്റങ്ങൾ വരുത്തി നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

കിഴക്കോത്ത് ഗ്രാമ പഞ്ചായത്ത് പരിധിയിലെ താഴെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ 2018-19 രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവുള്ളതായി കാണുന്നു. രണ്ടാം അർദ്ധ വർഷത്തെ നാലു മാസത്തെ വരുമാനത്തെ മാത്രം അടിസ്ഥാനപ്പെടുത്തിയാണ് സ്ഥാപനം തൊഴിൽ നികുതി റിട്ടേൺ സമർപ്പിച്ചിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരുടെ പേര് | അടിസ്ഥാന ശമ്പളം | സ്ഥാപനം സമർപ്പിച്ച റിട്ടേൺ പ്രകാരമുള്ള അർദ്ധ വാർഷിക വരുമാനം | യഥാർത്ഥ അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | പി.വി.എസ്. തങ്ങൾ മെമ്മോറിയൽ പബ്ളിക് സ്കൂൾ, കിഴക്കോത്ത് | ഡാർലി സാറ ചെറിയാൻ | 35000 | 140000 | 210000 | 1250 | 1250 | -- |
| 2 | | ജൂബിൻ ബഷീർ.പിവി | 15100 | 60400 | 90600 | 750 | 600 | 150 |
| 3 | | അരുൺ.പി | 15200 | 60800 | 91200 | 750 | 600 | 150 |
| 4 | | ദിവ്യ.എം.കെ | 10750 | 43000 | 64500 | 600 | 300 | 300 |
| 5 | | ഹാദി.എൻ.വി | 15100 | 60400 | 90600 | 750 | 600 | 150 |
| 6 | | ജയ്ഷ.വി.പി | 10200 | 40800 | 61200 | 600 | 300 | 300 |
| 7 | | മഞ്ജു.എ.ടി | 15100 | 60400 | 90600 | 750 | 600 | 150 |
| 8 | | മിനിമോൾകെ.കെ | 8000 | 32000 | 64000 | 600 | 300 | 300 |
| 9 | | മുഹമ്മദ് റമീസ് | 15100 | 60400 | 90600 | 750 | 600 | 150 |
| 10 | | റിജു.കെ.കെ | 15200 | 60800 | 91200 | 750 | 600 | 150 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 11 | | ഷമീർ.എം.വി | 10100 | 40400 | 60600 | 600 | 300 | 300 |
| 12 | | ശോഭന.എം | 8000 | 32000 | 48000 | 450 | 300 | 150 |
| 13 | | ഷൈജി.ടി | 10100 | 40400 | 60600 | 600 | 300 | 300 |
| 14 | | റഷീദ.എം | 5000 | 20000 | 30000 | 300 | 180 | 120 |
| 15 | | ശ്രീദേവി | 5000 | 20000 | 30000 | 300 | 180 | 120 |
| 16 | | ഭീഷ്മ | 15100 | 60400 | 90600 | 750 | 600 | 150 |
| 17 | | ഷാഹിദ് മൊയ്തീൻ അലി | 15100 | 60400 | 90600 | 750 | 750 | - |
| 18 | | ജിഷ.എം.കെ | 5000 | 20000 | 30000 | 300 | 180 | 120 |
| 19 | | സുധ | 4500 | 18000 | 27000 | 180 | 180 | - |
| 20 | | സരിത | 4000 | 16000 | 24000 | 180 | 120 | 60 |
| | ആകെ | | | | | | | 3120 |

മേൽ പട്ടിക പ്രകാരം യഥാർത്ഥ അർദ്ധ വാർഷിക വരുമാനത്തെ അടിസ്ഥാനപ്പെടുത്തി തൊഴിൽ നികുതി കണക്കാക്കുമ്പോൾ ഈടാക്കിയ നികുതിയിൽ 3120/- രൂപയുടെ കുറവുള്ളതായി കാണുന്നു. ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ കുറവു വന്ന തുക ഈടാക്കി അറിയിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കുമ്പോൾ ആയത് നിർണ്ണയിച്ചത് അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ 1996 -ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരമുള്ള പട്ടിക അനുസരിച്ചാണോ എന്ന് ബന്ധപ്പെട്ട സെക്ഷൻ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടം ഇക്കാര്യത്തിൽ ഉണ്ടാവുകയും ചെയ്യേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 2014 ലെ ശമ്പള പരിഷ്കരണം - കുടിശ്ശിക കണക്കാക്കിയതിലെ അപാകത

ജി.ഒ(പി) 7/2016 ഫിൻ തി. 201-1-2016 പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചിട്ടുണ്ട്. അത് പ്രകാരം താഴെ കൊടുത്ത ജീവനക്കാർക്ക് ശമ്പളക്കുടിശ്ശിക കണക്കാക്കിയതിൽ അപാകത കാണുന്നു.

വൗച്ചർ നം. 218000437/8-10-2018 തുക 191642

1) പ്രേമരാജൻ എൻ, ഓഫീസ് അറ്റൻഡന്റ്

ജി.ഒ(പി) 85/2011/ഫിൻ തി. 26-2-2011 പ്രകാരം പ്രേമരാജന്റെ ശമ്പളം 2-8-2010-ന് 8500-13210 രൂപ

ശമ്പള സ്കെയിലിൽ 11020/ രൂപയായി നിജപ്പെടുത്തി.

2-8-2010-ന് ശമ്പളം 11020/- (8500-13210)

1-8-2011-ന് ശമ്പളം 11320

1-8-2012 ന് ശമ്പളം 11620

1-8-2013 ന് ശമ്പളം 11920

1-8-2014 ന് ശമ്പളം 12220

എന്നാൽ 1-8-2011-ന് ഹയർ ഗ്രേഡ് അനുവദിച്ചതിനാൽ

1-8-2013-ന് ശമ്പളം 12550 രൂപയും

1-8-2014 ന് ശമ്പളം 12880 രൂപയുമാവും

ജി.ഒ(പി) 7/2016 ഫിൻ തിയ്യതി 20-1-2016 പ്രകാരം ടിയാന്റെ ശമ്പളം 1-7-2014-ന് 16500-35700 ശമ്പള സ്കെയിലിൽ 25852 രൂപയായി നിജപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക കണക്കാക്കിയപ്പോൾ ജൂലൈ 2014 മുതൽ ഡിസംബർ 2014 വരെ ടിയാൻ കൈപ്പറ്റിയതായി കാണിച്ചത് 7/2014-ൽ 10480/- രൂപയും 8/2014- മുതൽ 12/2014 വരെ 10750/- രൂപയുമാണ്. തെറ്റായി കണക്കാക്കിയതും യഥാർത്ഥത്തിൽ അനുവദിക്കേണ്ടതും അധികം കൈപ്പറ്റിയതും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

തെറ്റായി കണക്കാക്കിയത്

| മാസം | ഡ്യൂ | | ആകെ | ഡ്രോൺ | | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|
| | ശമ്പളം | ഡി.എ | | ശമ്പളം | ഡി.എ | | |
| 7/2014 | 25850 | - | 25850 | 10480 | 8384 | 18864 | 6986 |
| 8/2014മുതൽ 12/2014 വരെ | 26500 | - | 26500 | 10750 | 8600 | 19350 | 7150 |

ആകെ 6986 +5X7150=42736

യഥാർത്ഥത്തിൽ കണക്കാക്കേണ്ടത്

| മാസം | ഡ്യൂ | | ആകെ | ഡ്രോൺ | | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|
| | ശമ്പളം | ഡി.എ | | ശമ്പളം | ഡി.എ | | |
| 7/2014 | 25850 | - | 25850 | 12550 | 10040 | 22590 | 3260 |
| 8/2014മുതൽ 12/2014 വരെ | 26500 | | 26500 | 10240 | 12800 | 23040 | 3460 |

ആകെ 3260+5X3460= 20560

അധികം കൈപ്പറ്റിയത് = 42736-20560 = 22176

തുക ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

2. ഉസ്സയിൻ.കെ, പാർട്ട്ടൈം ലൈബ്രേറിയൻ

ശ്രീ ഉസ്സയിൻ സേവനത്തിൽ പ്രവേശിച്ചത് 11-8-2014-നാണ്. 10620-16460 രൂപ ശമ്പള സ്കെയിലിൽ ശമ്പളം 10620/- രൂപയാണ്. എന്നാൽ ശമ്പളക്കുടിശ്ശിക കണക്കാക്കിയപ്പോൾ 8/2014 മുതൽ ശമ്പളം 10860/- രൂപയാണ് കുടിശ്ശിക ബില്ലിൽ കാണിച്ചത്. അതിനാൽ അധികം കൈപ്പറ്റിയ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

തെറ്റായി കണക്കാക്കിയത്

| മാസം | ഡ്യൂ | | ആകെ | ഡ്രോൺ | | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|
| | ശമ്പളം | ഡി.എ | | ശമ്പളം | ഡി.എ | | |
| 8/2014മുതൽ 12/2014 വരെ | 10860 | - | 10860 | 5520 | 4416 | 9936 | 924 |
| 1/2015മുതൽ 6/2015 വരെ | 10860 | 326 | 11186 | 5520 | 4747 | 10267 | 919 |
| 7/2015 | 10860 | 652 | 11512 | 5520 | 5078 | 10598 | 914 |

ഈ കാലയളവിലെ ശമ്പള ക്കുടിശ്ശിക തെറ്റായി കാണിച്ചത്

8/2014 മുതൽ 12/2014 വരെ 6 X 924 = 5544

1/2015 മുതൽ 6/2015 വരെ 6 X 919= 5514

7/2015 1X914 = 914

11972

=========

അർഹതപ്പെട്ടത്

| മാസം | ഡ്യൂ | | ആകെ | ഡ്രോൺ | | ആകെ | ബാലൻസ് |
|---|---|---|---|---|---|---|---|
| | ശമ്പളം | ഡി.എ | | ശമ്പളം | ഡി.എ | | |

| | | | | | | | |
|---|---|---|---|---|---|---|---|
| 8/2014 (ശമ്പളം 10620/-) | 7194 | -- | 7194 | 3739 | 2991 | 6730 | 464 |
| 9/14 മുതൽ 12/14 വരെ | 10620 | | 10620 | 5520 | 4416 | 9936 | 684 |
| 1/2015 മുതൽ 6/2015 | 10620 | 319 | 10939 | 5520 | 4747 | 10267 | 672 |
| 7/2015 | 10620 | 638 | 11258 | 5520 | 5078 | 10598 | 660 |

ആകെ അർഹതപ്പെട്ടത്

8/2014-ൽ 494 = 494

9/2014 മുതൽ
12/2014 വരെ 4X684 = 2736

1/2015 മുതൽ
6/2015 വരെ 6 X672 = 4032

7/2015 1X660 = 660

7922

അധികം അനുവദിച്ചത് 11972-7922 = 4050

അധികം അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 760000 | ലൈഫ് ഭവന പദ്ധതി (35/18-19) | 760000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 60000 | ലൈഫ് ഭവന പദ്ധതി (41/18-19) | 0 | 60000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | അംഗനവാടി അനുപൂരക പോഷകാഹാര | 300000 | |

| | | | | | |
|---|---|---|---|---|---|
| | | | പരിപാടി(17/18-19) | | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 178118 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(19/18-19) | 178118 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 304701 | ലൈഫ് ഭവന പദ്ധതി(35/18-19) | 304701 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 38008 | ലൈഫ് ഭവന പദ്ധതി സബ്സിഡി(41/18-19) | 38008 | 0 |
| ജില്ലാപഞ്ചായത്ത് | 2018-19 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്(19/18-19) | 200000 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ളം ലഭ്യമാക്കൽ | | 808000 | 592055 | 215945 |
| കേരള വാട്ടർ അതോറിറ്റി | അംഗനവാടികൾക്ക് കുടിവെള്ളം ലഭ്യമാക്കൽ(22/18-19) | 21801016 21800988 | 295000 | 0 | 295000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ലഭിച്ച വരവിന്റെയും തിരിച്ചടവിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് | വായ്പ | വർഷാരം ഭത്തിൽ | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| ഉദ്ദേശ്യം | നമ്പർ/തിയ്യതി | തുക | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതി | 209/2009 തിയ്യതി 07-11-2009 | 0 | 1161621 | 500000 | | 661621 |
| ലൈഫ് ഭവന പദ്ധതി | | 0 | 3220000 | 0 | 0 | 3220000 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1252368 |
| തൻവർഷം നിക്ഷേപിച്ച തുക | 118976 |
| ആകെ | 1371344 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1371344 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്,വലിയപറമ്പിൽ | | | 781699 | |
| 2. | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്,വലിയപറമ്പിൽ | | | 245817 | |
| 3 | സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്,വലിയപറമ്പിൽ | | | 343828 | |
| ആകെ | | | | 1371344 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2001-02 | 27, 29 | 2003-04 (പൊതു പരാമർശം) | 11.13.7.9 | നികുതി പിരിവിൽ അലംഭാവം | തടസ്സം തുടരുന്നു. |
| 2002-03 | 23 | 2004-05 (പൊതു പരാമർശം) | 11.1.1.3 | ക്യാഷ്ബുക്ക് എഴുതിയില്ല | " |
| 2002-03 | | 2004-05 (പൊതു പരാമർശം | 11.1.3.22 | നികുതി പിരിവിൽ അലംഭാവം | " |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി- അപാകതകൾ | " |
| 2015-16 | 2-3 | 2016-17 | അനുബന്ധം-5 | -ടി- | " |
| 2015-16 | 3-11 | 2016-17 | 4.2.1 | പുറമ്പോക്കുകളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട അപാകതൾ | " |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 74618538 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 67370990 |
| വരവിനങ്ങളിലുള്ള നഷ്ടം | 11154 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 26226 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 651264 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപേരും |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 2-1 | 8034 | | ശ്രീമതി.റോസമ്മ ജേക്കബ്, സെക്രട്ടറി | ശ്രീമതി.റോസമ്മ ജേക്കബ്, സെക്രട്ടറി |
| 2-2 | 3120 | | ശ്രീമതി.റോസമ്മ ജേക്കബ്, സെക്രട്ടറി | |
| 3-1 | | 26226 | ശ്രീമതി.റോസമ്മ ജേക്കബ്, സെക്രട്ടറി | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപേരും |
|---|---|---|---|
| 1-20 | 115830 | ശ്രീമതി.റോസമ്മ ജേക്കബ്, സെക്രട്ടറി | ശ്രീമതി.റോസമ്മ ജേക്കബ്, സെക്രട്ടറി |
| 1-26 | 535434 | ശ്രീമതി.റസീന.എൻ.പി, അസി. എഞ്ചിനീയർ | ശ്രീമതി.റസീന.എൻ.പി, അസി. എഞ്ചിനീയർ |
| | 651264 | | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.റോസമ്മ ജേക്കബ്, സെക്രട്ടറി | സെക്രട്ടറി, കിഴക്കോത്ത് ഗ്രാമപഞ്ചായത്ത് | കാവ്യം വാതുക്കൽ വീട്, വേങ്ങേരി.പി.ഒ, കോഴിക്കോട്-673010 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 2317/18/05.12.18 | 2-2 | |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 1717/18(1) | 2-2എ), 3-3(2), 3-9, 3-12 4-5 | |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 1239/16(6)/27.4.2017 | 2-4(സി), 2-5, 3-2,3-3(എ ) 3-3(ബി), (സി), 3-8 | |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 2222/18/10.10.18 | 3(12), 3(13)(1), 3(19) | |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 2317/18/05.12.18 | 3-1, ,3-5 (1), (2),(3), 3-8, 3-12, 3-17 | |
| 2010-11, 2011-12 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 1718/18/10.10.2018 | 1-5, 2-1, 2-2, 2-3 (1), (2),2-4, 2-5, 2-7, 3-1(1), (2),3-3(3), 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-14, 4-3, 4-6 | |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 1925/18/22.9.2018 | 1-3, 1-5, 2-1, 2-2, 2-3, 2-4,3-1, 3-2, 3-6, 3-7, 3-8, 3-9, 4-1 | |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 2224/18/12.10.2018 | 2-1, 2-2(3), 3-2, 3-3, 3-4, 3-5, 3-6, 3-7, 3-11, 3-12, 3-13, 3-14 | |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 1719/18/29.8.2018 | 2-1(1),(2),(3),(5),(6), 2-3, 2-4, 2-5, 2-7, 3-2, 3-3, 3-4, 3-5, 3-10, 3-11, | |

| | | | |
|---|---|---|---|
| | | 3-13, 3-17(1), (2), 3-18, | |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 2225/18/10.10.2018 | 2-1, 2-1(2), 2-1(3), (4), (5),(6), 2-2, 2-5, 2-6, 2-7(1), 2-8, 3-1, 3-2, 3-3(2), (3),(4),(5), (6), 3-8, 3-14 | |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി-1/ 90/2019/5.3.2019 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

# അനുബന്ധം -1

കെ.എസ്.എ.കെ.കെ.ഡി.പി2/52/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ-0495 2371012
ഇ-മെയിൽ:dokkd.ksad@kerala.gov.in

തീയ്യതി:13.01.2020

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കിഴക്കോത്ത് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ (ഖണ്ഡിക 1-10 കാണുക) ഓഡിറ്റിനു ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്**